**അടിയന്തരപ്രമേയം**

പോലീസ് അതിക്രമം

മി. സ്പീക്കർ: പാഠപുസ്തകം ചോദിച്ചും അച്ചടി അട്ടിമറിച്ചതിൽ പ്രതിഷേധിച്ചും ഇന്നലെ പ്രകടനം നടത്തിയ എസ്.എഫ്.ഐ. വിദ്യാർത്ഥികൾക്കുനേരെ നിയമസഭയ്ക്ക് മുന്നിലും കോഴിക്കോട്ടും, കോട്ടയത്തും ഡി.ഡി. ഓഫീസുകൾക്കും പാലക്കാട് കളക്ടറേറ്റിന് മുന്നിലും യാതൊരു പ്രകോപനവുമില്ലാതെ പോലീസ് കണ്ണീർവാതകവും ജലപീരങ്കിയും പ്രയോഗിച്ച് ലാത്തിച്ചാർജ് ചെയ്യുകയും വിദ്യാർത്ഥികളടക്കം നിരവധി പ്രവർത്തകർക്ക് പരിക്കേൽക്കുകയും ചെയ്തതിനെ ത്തുടർന്ന് സംസ്ഥാനത്തെ വിദ്യാർത്ഥികൾ ആശങ്കാകുലരായിരിക്കുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ടി. വി. രാജേഷ്, വി. എസ്. സുനിൽകുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ.യും ചെയറിന് എഴുതി തന്നിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, അധ്യയന വർഷത്തിലെ പാഠപുസ്തക വിതരണത്തിലുണ്ടായ കാലതാമസത്തിൽ

പ്രതിഷേധിച്ച് 06.07.2015-ന് പകൽ 11.10-ാടുകൂടി എസ്.എഫ്.ഐ. തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് രാഹിൽ ആർ. നാഥ്, സംസ്ഥാന ജോയിന്റ് സെക്രട്ടറി രാഹുൽ, എസ്.എഫ്.ഐ. ജില്ലാ കമ്മിറ്റി അംഗം ജെറിൻ എന്നിവരുടെ നേതൃത്വത്തിൽ നൂറോളം എസ്.എഫ്.ഐ. പ്രവർത്തകർ നിയമസഭയിലേയ്ക്ക് മാർച്ച് നടത്തി. പ്രസ്തുത മാർച്ച് ഓൾഡ് വാർ മെമ്മോറിയൽ ഭാഗത്തുവച്ച് പോലീസ് ബാരിക്കേഡ് വച്ച് തടഞ്ഞതിന്റെ വിരോധത്തിൽ സമരാനുകൂലികൾ അക്രമാസക്തരായി ബാരിക്കേഡുകൾ മറിച്ചിടുകയും പോലീസ് ഉദ്യോഗസ്ഥർക്കുനേരെ കല്ലേറ് നടത്തുകയും ചെയ്തു. അക്രമം നിയന്ത്രണാതീതമായപ്പോൾ സ്ഥലത്തുണ്ടായിരുന്ന എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ ഉത്തരവ് പ്രകാരം ജലപീരങ്കി, ടിയർഗ്യാസ് എന്നിവ പ്രയോഗിച്ചും ലാത്തിവീശിയും സമരക്കാരെ പിരിച്ചയയ്ക്കുകയുണ്ടായി. കല്ലേറിൽ കന്റോൺമെന്റ് പോലീസ് സ്റ്റേഷനിലെ അസിസ്റ്റന്റ് കമ്മീഷണർ സുരേഷ്കുമാർ, കെ.എ.പി. ബറ്റാലിയനിലെ 4 പോലീസുകാർ, മ്യൂസിയം പോലീസ് സ്റ്റേഷനിലെ 4 സി.പി.ഒ.മാർ എന്നിവർക്ക് പരിക്കേൽക്കുകയും ചെയ്തു. ബാരിക്കേഡുകൾ നശിപ്പിച്ചതിനും മറ്റുമായി ഒരു ലക്ഷത്തിലേറെ രൂപയുടെ നഷ്ടവും സംഭവിച്ചിട്ടുണ്ട്. ഓൾഡ് വാർ മെമ്മോറിയൽ ഭാഗത്തുനിന്ന് പിരിഞ്ഞുപോയ എസ്.എഫ്.ഐ. പ്രവർത്തകർ, എസ്.എഫ്.ഐ.

നേതാക്കളായ പ്രതിൻ സാജ്കൃഷ്ണ, രാഹിൽ ആർ. നാഥ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ന്യായവിരോധമായി സംഘം ചേർന്ന് യൂണിവേഴ്സിറ്റി കോളേജ് മെയിൻ ഗേറ്റിന് മുൻവശം എം. ജി. റോഡിൽ മാർഗ്ഗതടസ്സം സൃഷ്ടിച്ചും കരിങ്കല്ലും ഇഷ്ടികക്കഷ്ണങ്ങളും, പെട്രോൾ ബോംബും മറ്റും പോലീസ് ഉദ്യോഗസ്ഥന്മാർക്കുനേരെയും വാഹനങ്ങൾക്കുനേരെയും വലിച്ചെറിയുകയുണ്ടായി. കല്ലേറിൽ 7 ആംഡ് ബറ്റാലിയൻ പോലീസുകാർക്കും ഒരു ഡ്രൈവർ എസ്.സി.പി.ഒ.ക്കും പരിക്കേറ്റിട്ടുണ്ട്. കൂടാതെ ഒരു പോലീസ് ബസിനും പോലീസ് ആംബുലൻസിനും കേടുപാടുകൾ ഉണ്ടായതിൽ 25000 രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. അക്രമാസക്തരായ സമരാനുകൂലികളുടെ കല്ലേറിലും അക്രമം അഴിച്ചുവിട്ടതിലും നിലത്തുവീണും പരസ്പരം കൂട്ടിമുട്ടിയും ആറ് എസ്.എഫ്.ഐ. പ്രവർത്തകർക്കും സമരാനുകൂലികളെ പിന്തിരിപ്പിക്കാൻ പോയ വഴിയിൽ ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ.ക്കും കല്ലേറിൽ പരിക്കേറ്റിട്ടുണ്ട്. ഓൾഡ് വാർ മെമ്മോറിയൽ ഭാഗത്ത് പോലീസിനെ ആക്രമിച്ച സംഭവത്തിൽ IPC 143, 147, 148, 149, 332, PDPP Act 3(2) എന്നീ വകുപ്പുകൾ പ്രകാരം Cr. 824/2015 ആയി മ്യൂസിയം പോലീസ് സ്റ്റേഷനിലും യൂണിവേഴ്സിറ്റി കോളേജിന്റെ ഭാഗത്തുവച്ച് പോലീസിനെ അക്രമിച്ച സംഭവത്തിൽ IPC 143, 147,148, 149, 283, 353, 332,

PDPP Act 3(1), Explosive Substances Act 3, 5 KP Act 39, 121 എന്നീ വകുപ്പുകൾ പ്രകാരം Cr. 985/2015 ആയി കന്റോൺമെന്റ് പോലീസ് സ്റ്റേഷനിലും കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. ഈ കേസിലേയ്ക്ക് വൈശാഖ് എന്ന പ്രവർത്തകനെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്. ആലപ്പുഴ എസ്.ഡി. കോളേജിന് മുന്നിൽ പെട്രോൾ ബോംബുകളും കല്ലുമായി വന്ന എസ്.എഫ്.ഐ. പ്രവർത്തകർ പോലീസിനുനേരെ കല്ലുകൾ വലിച്ചെറിഞ്ഞതിൽ ഒരു എസ്.ഐ.ക്കും മൂന്ന് പോലീസുകാർക്കും പരിക്കേറ്റിട്ടുണ്ട്. ഇതിലേയ്ക്ക് IPC 143, 144, 145, 146, 147, 148, 149, 332, Explosive Substances Act 3 എന്നീ വകുപ്പുകൾ പ്രകാരം കണ്ടാലറിയാവുന്ന 50-ഓളം പ്രവർത്തകരെ പ്രതികളാക്കി Cr. 981/2015 ആയി ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. കോട്ടയം ജില്ലയിൽ ഒരു അക്രമസംഭവവും ഉണ്ടായിട്ടില്ല. കോഴിക്കോട് ജില്ലയിൽ 06.07.2015 ഉച്ചയ്ക്ക് 12.00 മണിയോടെ ഡി.ഡി. ഓഫീസിലേയ്ക്ക് മാർച്ച് നടത്തിയ 200-ഓളം എസ്.എഫ്.ഐ. പ്രവർത്തകർ പോലീസിന് നേരെ കല്ലെറിയുകയും ഡി.ഡി. ഓഫീസിലേയ്ക്ക് തള്ളികയറുകയും ചെയ്തു. അക്രമാസക്തരായ പ്രവർത്തകരോട് പിരിഞ്ഞുപോകാൻ ആവശ്യപ്പെട്ടിട്ടും പോകാത്തതിനാൽ പോലീസ് ജലപീരങ്കിയും ടിയർ ഗ്യാസും ഗ്രനേഡും പ്രയോഗിക്കുകയും ലാത്തിവീശി

പിരിച്ചുവിടുകയുമുണ്ടായി. കല്ലേറിൽ ഒരു എസ്.സി.പി.ഒ.ക്കും മൂന്ന് പോലീസ് കോൺസ്റ്റബിൾമാർക്കും പരിക്കേൽക്കുകയും പോലീസ് ജലപീരങ്കി വാഹനത്തിന് കേടുപാടുകൾ ഉണ്ടാവുകയും ചെയ്തു. ഈ സംഭവത്തിൽ എസ്.എഫ്.ഐ. പേരാമ്പ്ര ഏരിയ കമ്മിറ്റി സെക്രട്ടറി അതുൽ ദാസിന് പരിക്കുപറ്റിയിട്ടുണ്ട്. ഇതിലേയ്ക്കായി IPC 143, 145, 147, 148, 149, 447, 332, 353, 223 PDPP Act 3(1) എന്നീ വകുപ്പുകൾ പ്രകാരം Cr. 773/2015 ആയി കസ്ബ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. ഈ കേസിൽ കരുൺദാസിനെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 06.07.2015 പകൽ 11.00-ാടെ എസ്.എഫ്.ഐ. ജില്ലാ പ്രസിഡന്റ് ജയദേവൻ, ജില്ലാ സെക്രട്ടറി സ്വരൂപ്, ജില്ലാ വൈസ് പ്രസിഡന്റ് അനൂപ് തുടങ്ങിയ 500-ഓളം പ്രവർത്തകർ പ്രകടനവുമായി വന്ന് പാലക്കാട് സിവിൽ സ്റ്റേഷനിലേയ്ക്ക് തള്ളിക്കയറാൻ ശ്രമിച്ചു. പോലീസ് പിരിഞ്ഞുപോകണമെന്നുള്ള നിയമാനുസൃതമായ ആജ്ഞയെ അനുസരിക്കാതെ വീണ്ടും കളക്ടറേറ്റിലേയ്ക്ക് തള്ളിക്കയറാൻ ശ്രമിച്ച സമരക്കാരെ പോലീസ് ടിയർ ഗ്യാസ് ഷെൽ ഉപയോഗിച്ച് പിരിച്ചുവിട്ടു. പ്രസ്തുത പ്രകടനത്തിന് നേതൃത്വം നൽകിയ എസ്.എഫ്.ഐ. നേതാക്കന്മാരായ എട്ടുപേർ സ്ഥലത്തുനിന്ന് പിരിഞ്ഞുപോകാത്തതിനാൽ വീണ്ടും അക്രമം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിന്

ഇവരെ മുൻകരുതലായി അറസ്റ്റ് ചെയ്ത് പാലക്കാട് ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ Cr.P.C 151-ാം വകുപ്പുപ്രകാരം Cr.1139/2015 ആയി കേസ് രജിസ്റ്റർ ചെയ്തു. ഈ സംഭവത്തിൽ നാശനഷ്ടങ്ങളോ പരിക്കുകളോ ഉണ്ടായിട്ടില്ല. എന്നാൽ തിക്കിലും തിരക്കിലുംപെട്ട് എസ്.എഫ്.ഐ. പ്രവർത്തകരായ നന്ദകുമാർ, അമ്പിളി, സബിത, നിഥിൻ, സൈനുദ്ദീൻ എന്നിവർക്ക് നിസ്സാര പരിക്കുകളേൽക്കുകയും ജില്ലാ ആശുപത്രിയിൽ ഒ.പി. ചികിത്സ തേടുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. ടി. വി. രാജേഷ്</u>: സർ, ബഹുമാന്യനായ ആഭ്യന്തരവകുപ്പുമന്ത്രി ഇവിടെ പറഞ്ഞത് വസ്തുതാവിരുദ്ധമായ കാര്യമാണ്. ചില പോലീസുദ്യോഗസ്ഥന്മാർ എഴുതിക്കൊടുത്ത റിപ്പോർട്ട് അതേപോലെ വായിക്കുകയാണ് ചെയ്തത്. പാഠപുസ്തകം ഉടൻ വിതരണം ചെയ്യണമെന്ന് ആവശ്യപ്പെട്ട് വിദ്യാർത്ഥികൾ ഇന്നലെ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ മാർച്ച് നടത്തുകയുണ്ടായി. തിരുവനന്തപുരത്തും കോഴിക്കോടും പാലക്കാടും പ്രതിഷേധമാർച്ച് നടത്തിയ നിരായുധരായ വിദ്യാർത്ഥികളെ വളരെ ഭീകരമായി തല്ലിച്ചതയ്ക്കുകയാണ് പോലീസ് ചെയ്തത്. നൂറുകണക്കിന് വിദ്യാർത്ഥികൾക്ക് ഈ പോലീസ് വേട്ടയിൽ പരിക്കേറ്റിട്ടുണ്ട്. തിരുവനന്തപുരത്ത് നിയമസഭയിലേയ്ക്ക് മാർച്ച് നടത്തിയ വിദ്യാർത്ഥികൾക്കുനേരെ യാതൊരു പ്രകോപനവുമില്ലാതെ ഗ്രനേഡ് നടത്തി

പ്രകോപനം സൃഷ്ടിച്ചത് പോലീസാണ്. വിദ്യാർത്ഥികൾക്കുനേരെ ഭീകരമായ ലാത്തിചാർജ് നടത്തി. വിദ്യാർത്ഥികൾക്കുനേരെ ഗ്രനേഡും ഭീകരമായി ലാത്തിചാർജ് ചെയ്യുന്നുവെന്ന വാർത്തയറിഞ്ഞാണ് ഈ സഭയിൽ നിന്ന് ബഹുമാന്യരായ ഇ.പി. ജയരാജൻ, എ. കെ. ബാലൻ, പി. ശ്രീരാമകൃഷ്ണൻ, വി. ശിവൻകുട്ടി അതുപോലെ തന്നെ ഞാനും അവിടേയ്ക്ക് പോയത്. ഞങ്ങൾ അവിടെയെത്തിയ ഉടനെ പോലീസിനോട് ഗ്രനേഡ് പൊട്ടിക്കരുതെന്ന് പറഞ്ഞു. വിദ്യാർത്ഥികളെ അനുനയിപ്പിക്കാൻ ഞങ്ങൾ ശ്രമിച്ചു. അങ്ങനെ അനുനയിപ്പിക്കാൻ ശ്രമിക്കുന്നതിനിടയിലാണ് ജേർണലിസത്തിന് പഠിക്കുന്ന അജയ് എന്ന വിദ്യാർത്ഥിയെ 25-ഓളം വരുന്ന പോലീസുകാർ വളഞ്ഞിട്ട് ഭീകരമായി മർദ്ദിച്ചത്. അതുകണ്ടതുകൊണ്ടാണ് ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. അങ്ങോട്ടേയ്ക്ക് പോകുന്നത്. ശ്രീ. വി. ശിവൻകുട്ടിയെയും പോലീസ് വെറുതെ വിട്ടില്ല. ഷീൽഡുകൊണ്ട് കാലിൽ ഭീകരമായി കുത്തിയതിൽ പരിക്കേറ്റ ശ്രീ. വി. ശിവൻകുട്ടി ആശുപത്രിയിലാണ്. നാല് എം.എൽ.എ.മാർ ഇന്നലെ ഗ്രനേഡ് ആക്രമണത്തിൽനിന്ന് തലനാരിഴയ്ക്കാണ് രക്ഷപ്പെട്ടത്. ഇന്നത്തെ പത്രത്തിൽ വാർത്തയുണ്ട്. 'ഗ്രനേഡിലെ പുകയ്ക്കുമറ', ആ പുകയ്ക്കുള്ളിൽ ഈ സഭയിലെ ബഹുമാന്യനായ അംഗം എ.കെ. ബാലൻ നിൽക്കുന്ന ഫോട്ടോ അങ്ങ് കാണണം.

എം.എൽ.എ.മാർക്കുപോലും ഇവിടെ രക്ഷയില്ല. അനുനയിപ്പിക്കാൻ പോയ എം.എൽ.എ.മാർക്കുനേരെ ഗ്രനേഡ് എറിയാൻ ആരാണ് നിർദ്ദേശം കൊടുത്തതെന്ന് വ്യക്തമാക്കണം. ഇവിടെ നിരവധി വിദ്യാർത്ഥികൾ പരിക്കേറ്റ് ആശുപത്രിയിലാണ്. യൂണിവേഴ്സിറ്റി കോളേജിലെ ഒന്നാം വർഷ വിദ്യാർത്ഥിയായ മിഥുൻ അതീവ ഗുരുതരമായി പരിക്കേറ്റിരിക്കുകയാണ്. അദ്ദേഹത്തിന്റെ ചെവി തകരുകയും കണ്ണിന് സാരമായി പരിക്കേൽക്കുകയും തലയോട്ടി പിളർന്ന് അതീവ ഗുരുതരമായി പരിക്കേറ്റ് മെഡിക്കൽ കോളേജിലെ അത്യാഹിത വിഭാഗത്തിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. യൂണിവേഴ്സിറ്റി കോളേജിലേയ്ക്ക് എം.എൽ.എ.മാർ പോയപ്പോൾ അവിടെ ഗ്രനേഡ് പൊട്ടിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് കണ്ടത്. ഗ്രനേഡ് പൊട്ടി വിഷവാതകം പരന്ന് ക്ലാസിലിരിക്കുന്ന പെൺകുട്ടികൾ തലകറങ്ങി ബോധംകെട്ട് വീണു. നിരവധി വിദ്യാർത്ഥികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. എന്ത് സാഹചര്യമാണിതിനുണ്ടായത്? കോഴിക്കോട് പ്രതിഷേധ മാർച്ചിനിടെയും പോലീസ് ലാത്തിചാർജ് നടത്തി. മാർച്ച് എത്തുന്നതിനുമ്പാണ് പോലീസ് ചാടിവീണ് വിദ്യാർത്ഥികളെ ആക്രമിച്ചത്. അവിടെ എസ്.എഫ്.ഐ. നേതാവായ ഡി.സി. അംഗം അതുൽദാസിനെ പോലീസ് വളഞ്ഞ് വലിച്ചിഴച്ച് വണ്ടിയിൽ കയറ്റി ലോക്കപ്പിലിട്ടു. 12 മണിക്കൂർ ഭീകരമായി മർദ്ദിച്ചതിനുശേഷം വെള്ളംപോലും

കൊടുക്കാൻ തയ്യാറായില്ല. ലാത്തികൊണ്ട് അദ്ദേഹത്തിന്റെ വലതുകാൽ അടിച്ചുപൊട്ടിച്ചു. 12 മണിക്കൂർ വെള്ളം പോലും കൊടുക്കാതെ ഭേദ്യം ചെയ്യുകയാണ്. പാലക്കാട് ഗ്രനേഡ് ആക്രമണത്തിൽ എസ്.എഫ്.ഐ.യുടെ ജില്ലാ കമ്മിറ്റി അംഗമായ സബിത, ഏരിയാ കമ്മിറ്റി അംഗമായ അമ്പിളി എന്നിവർക്ക് സാരമായി പരിക്കേറ്റു. പാഠപുസ്തകം ലഭിക്കാത്തത് ചോദ്യം ചെയ്തതിന്റെ പേരിൽ പോലീസിനെ ഉപയോഗിച്ച് വിദ്യാർത്ഥികളെ ആക്രമിക്കുന്നത് ഒരു ജനാധിപത്യ സർക്കാരിന് ഭൂഷണമാണോ? ഒരു കാര്യം ഞങ്ങൾ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. പോലീസിനെ കയറൂരിവിട്ടും ഗ്രനേഡ് എറിഞ്ഞും വിദ്യാർത്ഥികളെ കള്ളക്കേസിൽ കുടുക്കി ജയിലിൽ അടച്ചും അവരുടെ ന്യായമായ സമരത്തെ ഇല്ലാതാക്കാൻ കഴിയുമെന്ന് വ്യാമോഹിക്കരുത്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇത്തരമൊരു സ്ഥിതിയുണ്ടായിരുന്നില്ല. അന്ന് സമരം നടത്തിയ കുറെ ആളുകൾ അവിടെ ഇരിക്കുന്നുണ്ട്. അവരുടെനേരെ ഗ്രനേഡ് എറിഞ്ഞിട്ടില്ല. അന്ന് ജനങ്ങളെ തല്ലുന്ന പോലീസിനെ ജനങ്ങളെ സേവിക്കുന്ന പോലീസാക്കി, ജനമൈത്രി പോലീസാക്കി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ മാറ്റി. ആ ജനമൈത്രി പോലീസിനെ യു.ഡി.എഫ്. സർക്കാർ ഇപ്പോൾ ക്രിമിനൽ പോലീസാക്കി മാറ്റിയിരിക്കുകയാണ്. കേരളത്തിലെ പോലീസ്, ക്രിമിനലുകളുടെ

താവളമായി മാറിയിരിക്കുകയാണ്. ലോകത്ത് എല്ലായിടത്തും പ്രതിഷേധം വരുന്നുണ്ട്. ഗ്രീസിലെ പ്രതിഷേധവും അമേരിക്കയിൽ നടന്നിട്ടുള്ള പ്രതിഷേധവും നിങ്ങൾ കണ്ടിട്ടില്ലേ. അവിടെ പോലീസ് ജനങ്ങളുമായി ഏറ്റുമുട്ടുന്നു. പക്ഷേ പോലീസ് അവിടത്തെ പ്രജകൾക്കുനേരെ ഗ്രനേഡ് പ്രയോഗിച്ചില്ല, കുരുമുളകാണ് സ്പ്രേ ചെയ്തത്. ലോകത്തെങ്ങുമില്ലാത്ത ഒരു സ്ഥിതിയാണിവിടെ. സമരം നടത്തിയ വിദ്യാർത്ഥികളെ അകാരണമായി തെരഞ്ഞുപിടിച്ച് തലയ്ക്കാണ് അടിക്കുന്നത്. തിരുവനന്തപുരത്ത് 12 പേർ ആശുപത്രിയിലായി. ഒമ്പത് പേർക്കും തലയ്ക്കാണ് അടിയേറ്റത്. തലയ്ക്ക് അടിക്കണമെന്നാണോ പോലീസ് മാനുവലിൽ പറയുന്നത്. ലാത്തികൊണ്ട് ആദ്യം തലയ്ക്കാണോ അടിക്കേണ്ടത്. ശരീരം നുറുങ്ങി വേദനതിന്ന് ജീവിതകാലം മുഴുവൻ മരിച്ച് ജീവിക്കേണ്ടി വരുന്നവരാക്കി മാറ്റുന്നതാണോ ഭൂഷണം. ലോകത്തൊരിടത്തും സ്വന്തം പ്രജകളെ ശത്രുക്കളായി കണ്ട ഒരു ഭരണാധികാരിക്കും ജനങ്ങൾ മാപ്പ് നൽകിയിട്ടില്ല. ഇതാണ് ചരിത്രത്തിൽനിന്ന് നിങ്ങൾ മനസ്സിലാക്കേണ്ട കാര്യം.

പാഠപുസ്തകത്തിന്റെ സ്ഥിതിയെന്താണ്; ജൂലൈ മാസം രണ്ടാം തീയതി ബഹുമാനപ്പെട്ട മാത്യു റ്റി തോമസ് ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവന്നു. പാഠപുസ്തകത്തിന്റെ പ്രിന്റ് ഓർഡർ എന്നാണ് കൊടുത്തതെന്ന് ശ്രീ. മാത്യു റ്റി

തോമസ് ചോദിച്ചു. 28.10.2014-നാണെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറഞ്ഞു. എന്നാൽ ഫൈനൽ പ്രിന്റ് ഓർഡർ കിട്ടിയത് 10.02.2015-ലാണെന്നാണ് അച്ചടി വകുപ്പുമന്ത്രിയായ ശ്രീ. കെ. പി. മോഹനൻ പറഞ്ഞത്. ഇതിൽ ഏതാണ് ശരി. ഇതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയണമെന്ന് പറഞ്ഞിട്ട് മുഖ്യമന്ത്രി ഒരക്ഷരം മിണ്ടിയിട്ടില്ല. ആരാണ് ഇതിൽ വീഴ്ച വരുത്തിയത്; പാഠപുസ്തകം വൈകിപ്പിച്ചതിന് ആരാണ് ഉത്തരവാദി; പാഠപുസ്തകം അച്ചടിക്കാനുള്ള തീരുമാനമടങ്ങിയ ഫയൽ ആറ് മാസക്കാലം ഉദ്യോഗസ്ഥന്മാർ പൂഴ്ത്തിവച്ചത് ആരുടെ നിർദ്ദേശപ്രകാരമാണ്? അത് അന്വേഷിക്കണം. നവീകരിച്ച അത്യാധുനിക മെഷീനുകളുള്ള നാല് സർക്കാർ പ്രസ്സുകളുണ്ട്. ആ സർക്കാർ പ്രസ്സുകളെ ഫലപ്രദമായി പ്രയോജനപ്പെടുത്തിയെങ്കിൽ വിദ്യാർത്ഥികൾക്ക് വളരെ നേരത്തെ പുസ്തകം ലഭിക്കുമായിരുന്നില്ലേ. ആരാണ് ഇതിന് ഉത്തരവാദി? പാഠപുസ്തക അച്ചടി സ്വകാര്യ പ്രസ്സുകളെ ഏൽപ്പിക്കാൻവേണ്ടിയായിരുന്നു ആസൂത്രിതമായ ഈ നാടകം. അതാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. തങ്ങൾക്ക് താൽപ്പര്യമുള്ള മണിപ്പാൽ പ്രസിനെ പാഠപുസ്തക അച്ചടി ഏൽപ്പിക്കാൻ മുസ്ലീംലീഗിന്റെ മന്ത്രി തീരുമാനിച്ചു. അവസാനം അത് വിവാദമായി. അതിൽ മുഖ്യമന്ത്രി ഇടപെട്ടു. മന്ത്രിസഭാ യോഗത്തിനുശേഷം മുഖ്യമന്ത്രി പത്രസമ്മേളനം

വിളിച്ചപ്പോൾ പറഞ്ഞത് റീ-ടെണ്ടർ ചെയ്യാൻ പോകുന്നു എന്നാണ്. അങ്ങനെ പറഞ്ഞ് മണിക്കൂറുകൾക്കുള്ളിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുന്നു, റീ-ടെണ്ടറില്ല എന്ന്. അതുകൊണ്ടല്ലേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ രണ്ടാം തീയതി ഈ സഭയിൽ ഒരക്ഷരം പറയാൻ തയ്യാറാകാതിരുന്നത്. എന്താണ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ചുമതല. പുസ്തകം മാറുന്നത് ഒരു വർഷം മുമ്പല്ലേ; കുട്ടികളുടെ എണ്ണമെടുക്കുന്നത് ജൂലൈ മാസത്തിലല്ലേ; ആഗസ്റ്റ് മാസത്തിൽ ഈ പുസ്തകം അച്ചടിക്കാമായിരുന്നില്ലേ? എന്നിട്ട് കൊടുത്തോ? കരിക്കുലം കമ്മിറ്റിയുടെ ചെയർമാനല്ലേ വിദ്യാഭ്യാസ വകുപ്പുമന്ത്രി. ഓരോ മാസവും യോഗം വിളിച്ചുവെന്ന് അദ്ദേഹം ഇവിടെ പറഞ്ഞു. യോഗം വിളിക്കുന്നത് ചായ കുടിച്ച് പിരിയാൻ വേണ്ടിയാണോ? കൃത്യമായി മോണിറ്റർ ചെയ്യണമെന്നും റിവ്യൂ നടത്തണമെന്നും പറഞ്ഞപ്പോൾ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത് 'ഞാൻ മോണിറ്ററിംഗും റിവ്യൂവും നടത്തി' എന്നാണ്. ഇത്തരം ഒരു സ്ഥിതി ഇവിടെ ഉണ്ടായിരുന്നോ? സ്വകാര്യ പ്രസ്സ് ഉടമകളിൽനിന്ന് കമ്മീഷൻ വാങ്ങാനായിരുന്നു ശ്രമങ്ങൾ നടത്തിയത്. അതുകൊണ്ടാണ് വിദ്യാഭ്യാസ മേഖലയിൽ ഇത്തരമൊരു സ്ഥിതിയുണ്ടായത്. പൊതുവിദ്യാഭ്യാസമേഖല മുഴുവൻ തകർത്തില്ലേ? വിദ്യാഭ്യാസ വകുപ്പുമന്ത്രി സത്യപ്രതിജ്ഞ ചെയ്ത് അധികാരം ഏറ്റെടുത്തപ്പോൾ തിരുവനന്തപുരം

പ്രസ് ക്ലബ്ബിൽ കൂടിയ മീറ്റിംഗിൽ അദ്ദേഹം പറഞ്ഞത്, കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് കോർപ്പറേറ്റുകളെ കടന്നുവരാൻ അവസരമൊരുക്കുമെന്നാണ്. അതാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സഖാവ് ശ്രീ. എം. എ. ബേബി വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോൾ നാല് അലോട്ട്മെന്റുണ്ടായിരുന്നു. ഇപ്പോൾ രണ്ട് അലോട്ട്മെന്റ് മാത്രമാണുള്ളത്. ആദ്യത്തെ അലോട്ട്മെന്റ് 15-ാം തീയതിയും രണ്ടാമത്തെ അലോട്ട്മെന്റ് 29-ാം തീയതിയുമാണ് നടന്നത്. ഒരു അലോട്ട്മെന്റ് പൂർത്തിയാക്കാൻ പരമാവധി ആറ് ദിവസമാണ്. 15-ാം തീയതിക്കും 29-ാം തീയതിക്കുമിടയിൽ ഒരു അലോട്ട്മെന്റുകൂടി നടത്താൻ മതിയായ സമയമുണ്ടായിരുന്നില്ലേ. എന്തുകൊണ്ട് അലോട്ട്മെന്റ് നടത്തിയില്ല. എട്ട് എ പ്ലസ് കിട്ടിയ കുട്ടികൾക്ക് ഒന്നാമത്തെ അലോട്ട്മെന്റിലും രണ്ടാമത്തെ അലോട്ട്മെന്റിലും അഡ്മിഷൻ കിട്ടാതെ പോകുന്നു. കേരളത്തിലെ വിദ്യാർത്ഥികളെ, meritorious ആയ വിദ്യാർത്ഥികളെ എയ്ഡഡ് സ്ഥാപനങ്ങളിലും സി.ബി.എസ്.ഇ. സ്കൂളുകളിലും എത്തിക്കാൻ വേണ്ടിയുള്ള വളരെ ബോധപൂർവ്വമായ ശ്രമമാണ് കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയ്യുന്നത്. പ്ലസ് വൺ-ന് പ്രവേശനം ലഭിക്കാത്തതിൽ മനംനൊന്ത് ഒരു വിദ്യാർത്ഥി പുഴയിൽ ചാടി മരിച്ചു. കോഴിക്കോട് കോയപ്പ

ദേവതിയാലിനടുത്ത് മേലേചിങ്ങത്ത് അനന്തപുരിയിൽ ഹരിശങ്കർ എന്ന വിദ്യാർത്ഥി കഴിഞ്ഞ തിങ്കളാഴ്ച വൈകിട്ട് അലോട്ട്മെന്റ് സംബന്ധിച്ച് ഇന്റർനെറ്റ് നോക്കിയപ്പോൾ പ്ലസ് വൺ-ന് പ്രവേശനമില്ലെന്ന് മനസ്സിലായതിനെത്തുടർന്ന് അന്നുതന്നെ വീട്ടിൽനിന്നും പോയി. ഏഴ് എ പ്ലസ് വാങ്ങി ഉയർന്ന മാർക്ക് നേടിയ ഈ കുട്ടി അവസാനം വീട്ടിലെത്താത്തതിനാൽ വീട്ടുകാർ പോലീസിൽ പരാതി നൽകിയതിനെത്തുടർന്നുള്ള അന്വേഷണത്തിലാണ് ചാലിയത്ത് പുഴയോരത്ത് മൃതദേഹം കണ്ടെത്തിയത്. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് എതിരായി ആത്മഹത്യാ പ്രേരണയ്ക്ക് കേസ് എടുക്കണം. ഈ വിദ്യാഭ്യാസ മേഖലയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്? നാഥനില്ലാ കളരിയാണ് വിദ്യാഭ്യാസ മേഖല. ഇവിടത്തെ ഡി.പി.ഐ. ജീവനുംകൊണ്ട് ഓടി രക്ഷപ്പെട്ടിരിക്കുകയാണ്. ഡി.ഡി.ഒ. പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. 361 സ്കൂളുകളിൽ ഹെഡ്മാസ്റ്റർമാരില്ല. 56-ാമത്തെ വയസ്സിൽ റിട്ടയർ ചെയ്യുമെന്ന് മുൻകൂട്ടി മനസ്സിലാക്കാത്ത ആളല്ലല്ലോ കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി. എന്ത് നടപടി സ്വീകരിച്ചു? എസ്.എസ്.എ. സംവിധാനം ആകെ പാളിപ്പോയിരിക്കുന്നു. IT @ school-ന്റെ പ്രവർത്തനം നിലച്ചിരിക്കുന്നു. ആർ.എം.എസ്.എ.-ക്ക് പ്രോജക്ട് കൊടുക്കാൻ പോലും ഈ സർക്കാരിന് കഴിയുന്നില്ല. ഇവിടെ പൊതുവിദ്യാഭ്യാസ മേഖല ആകെ

തകർന്നിരിക്കുകയാണ്. വിശുദ്ധ റമദാൻ മസത്തിലെ അവസാന പത്തിലേയ്ക്ക് കടക്കുകയാണ്. ഈ വിശുദ്ധ റമദാൻ മാസത്തിലെങ്കിലും കളവ് പറയാതിരിക്കാനും കേരളത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാതിരിക്കാനും വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രദ്ധിക്കണമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. വിദ്യാർത്ഥികളെ നിങ്ങൾ ബലിയാടാക്കരുത്. എന്താണ് വിദ്യാഭ്യാസ മേഖലയുടെ അവസ്ഥ? വിദ്യാഭ്യാസ മേഖലയിൽ ആകെ പ്രശ്നങ്ങളല്ലേ? ഇവിടെ കോട്ട് വിവാദം, കോപ്പിയടിക്കുന്ന വൈസ് ചാൻസലർമാർ, യൂണിവേഴ്സിറ്റിയുടെ സ്ഥലം വിൽപ്പനയ്ക്ക് വയ്ക്കുന്ന തുടങ്ങിയ വിവാദങ്ങൾ മാത്രമെ വിദ്യാഭ്യാസ മേഖലയിലുള്ളൂ. അതുകൊണ്ട് ഈ അവസ്ഥയ്ക്ക് പരിഹാരമുണ്ടാകണം. എഴുപത് ലക്ഷം വരുന്ന വിദ്യാർത്ഥികളുടെ ഭാവി ബലിയാടാകരുതെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. ഈ വിദ്യാഭ്യാസ വകുപ്പുമന്ത്രി വന്നതിനുശേഷം ഇവിടെ എന്തൊക്കെ സ്ഥിതിയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ മെഡിക്കൽ പി. ജി.-യുടെ നൂറ് ശതമാനം സീറ്റും വിൽപ്പനയ്ക്ക് വച്ചില്ലേ. എല്ലാ സീറ്റുകളുടെയും അഡ്മിഷൻ കഴിഞ്ഞതുകൊണ്ട് ഇക്കൊല്ലം ഒന്നും ചെയ്യാൻ കഴിയുകയില്ലായെന്നല്ലേ അവസാനം പറഞ്ഞത്. അത് ആർക്കുവേണ്ടിയായിരുന്നു. കേരളത്തിലെ സ്വാശ്രയ മാനേജ്മെന്റുകൾക്ക് വേണ്ടിയായിരുന്നു. അവസാനം എസ്.എഫ്.ഐ. സമരം

നടത്തിയപ്പോഴാണ് ആ തീരുമാനം മാറ്റിയത്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മകനും അതിന്റെ ഗുണഭോക്താവായിരുന്നു എന്ന കാര്യം നാം മനസ്സിലാക്കേണ്ടതാണ്. പിന്നീട് വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത്, 'എന്റെ മകൻ മെരിറ്റടിസ്ഥാനത്തിലാണ് ചേർന്നത് ' എന്നാണ്. മെരിറ്റിലല്ല, മാനേജ്മെന്റ് സീറ്റിലാണ് ചേർന്നതെന്ന് പിന്നീട് വ്യക്തമാക്കപ്പെട്ടു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ വിവരമില്ലായ്മ ഒരു തെറ്റല്ല, പക്ഷേ വിവരക്കേട് ഒരു അലങ്കാരമായി മാറ്റരുതെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. വിദ്യാഭ്യാസ മേഖലയിൽ പച്ചയായ ലീഗ്വത്ക്കരണമാണ് നടക്കുന്നത്. ബി.ജെ.പി.യുടെ കേന്ദ്ര ഗവൺമെന്റ് നടത്തുന്നത് കാവിവൽക്കരണമാണെങ്കിൽ കേളത്തിൽ നടക്കുന്നത് പച്ചയായ ലീഗ്വൽക്കരണമാണ്; വർഗ്ഗീയവൽക്കരണമാണ്. ഇത് അവസാനിപ്പിക്കണം. പുസ്തകം ലഭിക്കാത്ത അവസ്ഥ, യൂണിഫോമില്ല, ഉച്ചക്കഞ്ഞിയില്ല, പരീക്ഷ പ്രഹസനമാക്കി, എന്തിന് പറയുന്നു കെ.എസ്.യു.വിന് ബന്ദ് പ്രഖ്യാപിക്കേണ്ടി വന്നില്ലേ. കെ.എസ്.യു.ക്കാരെ വിളിച്ച് കെ.പി.സി.സി. പ്രസിഡന്റ് കണ്ണുരുട്ടിയപ്പോൾ അവർ ബന്ദ് പിൻവലിച്ചിട്ടുണ്ടാകും. കേരളത്തിലെ വിദ്യാർത്ഥികൾ മരക്കുറ്റികളല്ല. അവർ ആർജ്ജവമുള്ളവരാണ്. അവർ ഇനിയും പ്രതികരിക്കുമെന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. അതുകൊണ്ട്

വിദ്യാർത്ഥികൾക്കെതിരായ വേട്ട അവസാനിപ്പിക്കാൻ തയ്യാറാകണം. വിദ്യാർത്ഥികളെ തല്ലിച്ചതച്ചുകൊണ്ടും കള്ളക്കേസിൽ കുടുക്കി ജയിലിൽ അടച്ചുകൊണ്ടും ഈ സമരം അവസാനിപ്പിക്കാമെന്ന് നിങ്ങൾ കരുതരുത്. വരും ദിവസങ്ങളിൽ സമരം കൂടുതൽ ശക്തമാകും. അതുകൊണ്ട് ഈ പോലീസ് വേട്ടയെക്കുറിച്ചും എം.എൽ.എ.യെ ആക്രമിച്ചതിനെക്കുറിച്ചും എം.എൽ.എ.മാർക്കെതിരായി ഗ്രനേഡ് വലിച്ചെറിഞ്ഞതിനെക്കുറിച്ചും സഭ നിറുത്തിവച്ച് ചർച്ച ചെയ്യണം. പാഠപുസ്തകങ്ങൾ എപ്പോൾ കിട്ടും? കേരളത്തിലെ വിദ്യാർത്ഥികളെ തീ തീറ്റിക്കരുത്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ ഉറപ്പ് നൽകണം. കേരളത്തിലെ പാഠപുസ്തക അഴിമതിയുമായി ബന്ധപ്പെട്ട് വിശദമായ ജുഡീഷ്യൽ അന്വേഷണം നടത്തുമെന്ന് ഈ സഭയിൽ പ്രഖ്യാപിക്കാൻ തയ്യാറാകണം. അതുകൊണ്ട് കേരളത്തിലെ എഴുപത് ലക്ഷം വിദ്യാർത്ഥികളെ ബാധിക്കുന്ന അതീവ ഗുരുതരമായ പാഠപുസ്തകം ലഭിക്കാത്ത വിഷയം സംബന്ധിച്ചും പോലീസ് മർദ്ദനം സംബന്ധിച്ചും സഭ നിറുത്തിവച്ച് ചർച്ച ചെയ്യണം. നിരപരാധികളായ വിദ്യാർത്ഥികളുടെ തല തല്ലിത്തകർത്ത, വാരിയെല്ല് അടിച്ചുപൊളിച്ച ക്രിമിനലുകളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരായി മാതൃകാപരമായ നിലപാട് സ്വീകരിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക്

പറയാനുള്ളത്. ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ ശ്രീ. റ്റി. വി. രാജേഷിന്റെ പ്രസംഗം മുഴുവനും കേൾക്കുകയായിരുന്നു. പോലീസ് മർദ്ദനത്തെപ്പറ്റി എഴുതിത്തന്ന പരാതിയിൽ നിന്ന് മാറി, അതിന്റെ വസ്തുത മനസ്സിലാക്കിയിട്ടായിരിക്കാം അദ്ദേഹം അക്കാര്യങ്ങളൊന്നും കൂടുതലായി വിശദീകരിച്ചില്ല. പാഠപുസ്തകങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് അദ്ദേഹം വിശദീകരിച്ചത്. ന്യായമായ വിദ്യാർത്ഥി സമരങ്ങളോട് ഈ ഗവൺമെന്റിന് തികഞ്ഞ അനുഭാവമാണ്. വിദ്യാർത്ഥി സമരങ്ങളോട് തികഞ്ഞ ആത്മസംയമനം പാലിക്കണമെന്നുതന്നെയാണ് പോലീസിന് കൊടുത്തിട്ടുള്ള നിർദ്ദേശം. എന്തെല്ലാം പ്രകോപനം ഉണ്ടായാലും ചെറുപ്പക്കാരാണ്; കുട്ടികളാണ്; വിദ്യാർത്ഥികളാണ് അവരുടെ നേതൃത്വത്തിൽ നടക്കുന്ന സമരങ്ങളെ തികഞ്ഞ സഹാനുഭൂതിയോടെ തന്നെ കാണണം എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എനിക്ക് പറയാനുള്ളത്, ഇന്നത്തെ എല്ലാ പത്രങ്ങളും ഈ സഭയിലുള്ള അംഗങ്ങൾ ദയവായി വായിക്കണം. കേരളകൗമുദി- 'പാഠപുസ്തകം വൈകുന്നതിൽ പ്രതിഷേധിച്ച് എസ്.എഫ്.ഐ.യുടെ നേതൃത്വത്തിൽ നിയമസഭാ മാർച്ച് അക്രമാസക്തമായതിനെത്തുടർന്ന്

വിദ്യാർത്ഥികൾ പോലീസിന് നേരെ കല്ലെറിയുന്നു.' മാതൃഭൂമി - 'പോലീസിന് നേരെ കല്ലേറ് നടത്തുന്ന എസ്.എഫ്.ഐ. പ്രവർത്തകരെ വി. ശിവൻകുട്ടി എം.എൽ.എ. പിന്തിരിപ്പിക്കാൻ ശ്രമിക്കുന്നു.' 'അടി, വെടി, കല്ലേറ്....; പാഠപുസ്തക സമരം തെരുവിൽ.' 'എസ്.എഫ്.ഐ.ക്കാരുടെ കല്ലേറിൽ ശിവൻകുട്ടി എം.എൽ.എ.യ്ക്കും പരിക്ക്. ' 'പാഠപുസ്തകം വൈകുന്നതിൽ പ്രതിഷേധിച്ച് എസ്.എഫ്.ഐ. കോഴിക്കോട് ഡി.ഡി. ഓഫീസിനുനേരെ നടത്തിയ സമരത്തിൽ പോലീസിനുനേരെ ചാടി വീണ എസ്.എഫ്.ഐ. പ്രവർത്തകർ.' .......(ബഹളം)..... ഞാനും ഒരു വിദ്യാർത്ഥി പ്രവർത്തകനായി പൊതുജീവിതം ആരംഭിച്ച ആളാണ്. അതുകൊണ്ടുതന്നെയാണ് വിദ്യാർത്ഥി സമരങ്ങളോട് അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കണമെന്ന് പറഞ്ഞിട്ടുള്ളത്. ഇന്ന് കാലം മാറുകയാണ്. വിദ്യാർത്ഥി പ്രസ്ഥാനങ്ങളോട് പൊതുസമൂഹത്തിനുള്ള സ്വീകാര്യതയെപ്പറ്റി നമ്മളെല്ലാവരും വിലയിരുത്തണം. ന്യായമായ അവകാശസമരങ്ങൾ ഉന്നയിക്കുന്നതിനും സമരം ചെയ്യുന്നതിനും ഒരു തെറ്റുമില്ല. പക്ഷെ സമരം അക്രമാസക്തമായാൽ മാത്രമേ പൊതുജനശ്രദ്ധയിൽ വരികയുള്ളൂ എന്നുള്ള ധാരണ തെറ്റാണ്. ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സർക്കാരിനെതിരെ സമരം നടത്തുന്നതിൽ ഒരു തെറ്റുമില്ല. ന്യായമായ സമരങ്ങളെ പൊതുസമൂഹം രണ്ടുകൈയ്യും നീട്ടി സ്വീകരിക്കും.

പക്ഷെ സമരങ്ങളെ അക്രമാസക്തമാക്കുകയും പോലീസിനുനേരെ ഇഷ്ടിക, പെട്രോൾ ബോംബ്, കല്ല് തുടങ്ങിയവ എറിയുകയും ചെയ്യുന്ന സമരരീതി ഇരുപതാം നൂറ്റാണ്ടിലേതാണ്. എല്ലാ വിദ്യാർത്ഥി സംഘടനകളും.... ഞാൻ ഒരു സംഘടനയെപ്പറ്റി അല്ല പറയുന്നത്, ശ്രീ. എ. കെ. ബാലൻ, ഡോ. തോമസ് ഐസക്, ശ്രീ. കെ. സുരേഷ് കുറുപ്പ് തുടങ്ങിയവർ അക്കാലത്ത് എസ്.എഫ്.ഐ. പ്രസിഡന്റുമാരായിരുന്നു, ഞാൻ കെ.എസ്.യു. പ്രസിഡന്റുമായിരുന്നു. കാലം മാറുന്നതനുസരിച്ച് വിദ്യാർത്ഥി പ്രവർത്തനത്തിന്റെ ശൈലിയും മാറണം. എല്ലാ വിദ്യാർത്ഥി സംഘടനകളും ആലോചിക്കേണ്ട കാര്യം..... ഞാൻ ഒരു വിദ്യാർത്ഥി സംഘടനയെപ്പറ്റി അല്ല പറയുന്നത്. ഇന്ന് വിദ്യാർത്ഥികളുടെ ഇടയിൽ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നത് 30 ശതമാനം വിദ്യാർത്ഥികളാണ്; 70 ശതമാനം വിദ്യാർത്ഥികളും കോളേജ് യൂണിയനിൽ പങ്കെടുക്കുന്നില്ല; എന്തുകൊണ്ടാണ്; കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ കുട്ടികൾ അധികം വരാറില്ല. കാരണം അന്ന് എന്തെങ്കിലും അനിഷ്ട സംഭവങ്ങൾ ഉണ്ടാകും എന്നു കരുതി കുട്ടികൾ വരാറില്ല. സർവ്വകലാശാല യൂണിയനുകളുടെ പ്രസക്തി നഷ്ടപ്പെടുന്നത് എന്തുകൊണ്ടാണ്; സർവ്വകലാശാല യൂണിയനുകളിൽ വിദ്യാർത്ഥികളുടെ പൊതുവികാരങ്ങൾ പലപ്പോഴും പ്രതിഫലിക്കപ്പെടുന്നില്ല. ഞാൻ

പറഞ്ഞുവന്നത് പോലീസിനെ ഉപയോഗിച്ച് ഒരു വിദ്യാർത്ഥി സംഘടനയേയും അടിച്ചമർത്തണമെന്നുള്ള നിലപാട് എനിക്കില്ല; ഈ ഗവൺമെന്റിനില്ല; ആഭ്യന്തര വകുപ്പിനില്ല. ഇന്നലെ നടന്ന സംഭവങ്ങൾ നിർഭാഗ്യകരമാണ്. ഇന്നത്തെ മാതൃഭൂമിയുടെ റിപ്പോർട്ട് ഞാൻ വായിക്കാം. 'എം.എൽ.എ.മാരായ വി. ശിവൻകുട്ടി, പി ശ്രീരാമകൃഷ്ണൻ, എന്നിവർ പോലീസിന്റെ മുന്നിൽ നിന്നുകൊണ്ട് സമരക്കാരോട് കല്ലെറിയരുതെന്ന് അഭ്യർത്ഥിച്ചു. ശിവൻകുട്ടിക്ക് ഏറ്. ഇതോടെ എം.എൽ.എ.മാരായ എ.കെ. ബാലൻ, റ്റി.വി. രാജേഷ്, ഇ.പി. ജയരാജൻ, ഡി.വൈ.എഫ്.ഐ. നേതാവ് എ.ആർ. റഹിം, ചെറിയാൻ ഫിലിപ്പ് തുടങ്ങിയവരും സ്ഥലത്തെത്തി. ഏറെ നേരം ഇവർ സമരക്കാർക്കിടയിൽ ഓടിനടന്ന് അക്രമം നിർത്തണമെന്ന് ആവശ്യപ്പെട്ടു...' ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു. ഞാൻ നിങ്ങൾക്ക് എതിരായിട്ടല്ല പറഞ്ഞത്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, അതിഭീകരമായ മർദ്ദനത്തിനുശേഷമാണ് കുട്ടികൾ പ്രതികരിക്കാൻ നിർബന്ധിതരായത്. ആ സമയത്താണ് ഞങ്ങൾ പോയി കുട്ടികളെ സമാധാനപ്പെടുത്തുന്നത്. അല്ലെങ്കിൽ അവിടെ എത്രയോ ആളുകൾ മരിച്ചുവീഴുമായിരുന്നു. അത് ആദ്യം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പു മന്ത്രി മനസ്സിലാക്കണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു. കുട്ടികൾ കല്ലെറിഞ്ഞപ്പോൾ..... ശ്രീ. വി. ശിവൻകുട്ടിയുടെ ഫോട്ടോ ഞാൻ കാണിക്കാം. ശ്രീ. വി. ശിവൻകുട്ടി ഫോട്ടോയിൽ രണ്ടുകൈകളും ഉയർത്തി കല്ലെറിയരുത് എന്നുപറയുകയാണ്. ഞാൻ അതിന് എതിരായിട്ടല്ല പറയുന്നത്. ഞാൻ നിങ്ങളുടെ ശ്രമത്തെ അഭിനന്ദിക്കുകയാണ്. കുട്ടികളാണ്, ചിലപ്പോൾ കല്ലെറിഞ്ഞെന്നുവരും. നിങ്ങൾ അവരെ ശാന്തരാക്കിയത് നല്ലത്. ഞാൻ പറഞ്ഞുവന്നത് ഇന്നലെ തിരുവനന്തപുരം എം.ജി. റോഡിൽ രണ്ടുമണിക്കൂർ നേരം യുദ്ധക്കളമായിരുന്നു. കെ.എസ്.ആർ.ടി.സി. ബസ്സിലുണ്ടായിരുന്ന രക്ഷകർത്താക്കളും പാവപ്പെട്ട ആളുകളും ഇറങ്ങി ഓടി. യൂണിവേഴ്സിറ്റി കോളേജിൽ അഡ്മിഷനുവന്ന വിദ്യാർത്ഥികളും വഴിയാത്രക്കാരും ഓടി. രണ്ടു മണിക്കൂർ നേരം ഈ നഗരം യുദ്ധക്കളമായി മാറി എന്നാണ് എല്ലാ പത്രങ്ങളും ഒരുപോലെ റിപ്പോർട്ട് ചെയ്യുന്നത്.

എനിക്ക് ശ്രീ രാജേഷ് പറഞ്ഞതിനോടൊന്നും വലിയ അഭിപ്രായ വ്യത്യാസമൊന്നുമില്ല. പാഠപുസ്തകം നേരത്തെ കിട്ടണമെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ നയം. അതിന് ഒരു സംശയവുമില്ല. പാഠപുസ്തകം നേരത്തെ കിട്ടാൻ ഗവൺമെന്റ് എല്ലാം ചെയ്യുന്നുണ്ട് എന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. അതിലൊന്നും അഭിപ്രായവ്യത്യാസമില്ല. എനിക്ക് അഭ്യർത്ഥിക്കാനുള്ളത്

ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വിദ്യാർത്ഥി സംഘടനകൾ സമരം നടത്തുന്നത് ആദ്യമായിട്ടൊന്നുമല്ല. സമരങ്ങൾ നല്ലതാണ്. ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇത്തരം കാര്യങ്ങൾ കൊണ്ടുവരുന്നത് നല്ലതാണ്. പോലീസിനെ കുപ്പി, ഇഷ്ടിക, കല്ല് എന്നിവകൊണ്ട് എറിയുന്ന നടപടി ശരിയല്ല; പോലീസുകാരും മനുഷ്യരാണ്. ഇന്നലെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള എത്രയോ പോലീസുകാരാണ് ആശുപത്രിയിലായിട്ടുള്ളത്. അവരും മനുഷ്യരല്ലേ; അതുകൊണ്ട് ഈ അക്രമസമരം അവസാനിപ്പിക്കണം. ന്യായമായ നിങ്ങളുടെ ഡിമാന്റുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. പാഠപുസ്തകം 20-ാം തീയതിക്കുമുൻപ് എത്തിക്കാമെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി നിയമസഭയിൽ ഉറപ്പുനല്കിയതാണ്. അതുകൊണ്ട് ഇത്തരം സമരങ്ങൾ ഉപേക്ഷിച്ചുകൊണ്ട് സമാധാനപരമയ രീതിയിൽ വിദ്യാഭ്യാസരംഗം മുന്നോട്ടുകൊണ്ടുപോകാൻ സഹകരിക്കണം. ഗവൺമെന്റ് പാഠപുസ്തകത്തിന്റെ കാര്യത്തിൽ തികഞ്ഞ ജാഗ്രതയോടെ പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. ജി. സുധാകരൻ: സർ, 'ചെളിയിൽ ചവിട്ടിയിട്ട് കഴുകി കളയുന്നതിനേക്കാൾ നല്ലത് ചെളിയിൽ ചവിട്ടാതെ നടക്കുന്നതാണ് ' എന്ന പഴമൊഴി അങ്ങേയ്ക്ക് അറിയാമല്ലോ. പാഠപുസ്തകം നല്കാത്ത ഒരു ക്രമസമാധാന പ്രശ്നം ഈ ഗവൺമെന്റിന്റെ ബന്ധപ്പെട്ട ആളുകളുടെ ഭാഗത്തുനിന്നുണ്ടായപ്പോൾ

കുട്ടികൾ പ്രകോപനം ഉണ്ടാക്കിയെന്നുപറഞ്ഞ് ഇങ്ങനെ കൈകാര്യം ചെയ്യുന്നതിനേക്കാൾ നല്ലത് പാഠപുസ്തകം സമയത്തു നല്കാത്തവർക്കെതിരെ നടപടി എടുക്കാൻ വല്ല തീരുമാനവും ഉണ്ടാകുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, പാഠപുസ്തകം 20-ാം തീയതിക്കകം നല്കുമെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ സഭയിൽ ഉറപ്പുനല്കിയിരിക്കുന്ന ഒരു കാര്യമാണ്. വിദ്യാർത്ഥി സംഘടനകളായ കെ.എസ്.യു., എസ്.എഫ്.ഐ., എം.എസ്.എഫ്. തുടങ്ങി എല്ലാവരും ഈ ആവശ്യം ഉന്നയിക്കുന്നുണ്ട്. അതൊന്നും തെറ്റാണെന്ന് ഞാൻ പറയുന്നില്ല. സർക്കാർ 20-ാം തീയതിക്കകം പാഠപുസത്കം നല്കാമെന്ന് ഇവിടെ ഉറപ്പുനല്കിയിട്ടുണ്ട്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മെമ്പർമാരോടും സഭയോടും പറയാനുള്ളത് ഭയവായി ഇത്തരം അക്രമസംഭവങ്ങൾ അവസാനിപ്പിക്കണം. കുട്ടികൾ ഉയർത്തുന്ന ന്യായമായ പ്രശ്നങ്ങളോട് തികഞ്ഞ സഹാനുഭൂതിയും ആത്മസംയമനവും കാണിക്കണമെന്ന് പോലീസിന് നിർദ്ദേശം നല്കിയിട്ടുണ്ട്. ശ്രീ. വി. ശിവൻകുട്ടിയെ പോലീസ് കല്ലെറിഞ്ഞിട്ടില്ല. നിങ്ങൾ അത് മനസ്സിലാക്കണം. പോലീസ് അടിച്ചിട്ടില്ല. ശ്രീ. വി. ശിവൻകുട്ടിക്ക് അങ്ങനെയൊരു വിഷമം ഉണ്ടായതിൽ എനിക്ക് വിഷമമുണ്ട്. അതിൽ ഞാൻ ഖേദിക്കുന്നു. കുട്ടികൾ എറിഞ്ഞതാണെങ്കിലും പത്ര റിപ്പോർട്ടുകൾ പറയുന്നത് കല്ലേറിൽ പരിക്കു

പറ്റിയെന്നാണ്. ഒരു എം.എൽ.എ.യ്ക്ക് കല്ലേറിൽ പരിക്കുപറ്റിയതിൽ എനിക്ക് വിഷമമുണ്ട്. അങ്ങേയ്ക്ക് (ബഹുമാനപ്പെട്ട സ്പീക്കർക്ക്) പരാതി നല്കിയിട്ടുണ്ട്, അങ്ങ് ആ പരാതി എന്റെ കൈയ്യിൽ തന്നിട്ടുണ്ട്. പക്ഷെ എല്ലാ പത്രങ്ങളും റിപ്പോർട്ട് ചെയ്തിട്ടുള്ളത് പ്രകടനക്കാരിൽനിന്നുള്ള കല്ലേറിലാണ് ശ്രീ. വി. ശിവൻകുട്ടിക്ക് പരിക്ക് പറ്റിയിട്ടുള്ളത് എന്നാണ്. ഒരു എം.എൽ.എ. എന്ന നിലയിലും ജനപ്രതിനിധിയെന്ന നിലയിലും ശ്രീ. വി. ശിവൻകുട്ടിക്ക് പരിക്കുപറ്റിയതിൽ വിഷമമുള്ള ഒരാളാണ് ഞാൻ. ഏതായാലും ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരാവശ്യവും ഇല്ല.

<u>മി. സ്പീക്കർ:</u> ഇന്നലെ നടന്ന സംഭവത്തിൽ ഈ സഭയിലെ ഒരു അംഗമായ ബഹുമാനപ്പെട്ട വി. ശിവൻകുട്ടിക്ക് പരിക്കു പറ്റി എന്ന ഒരു പരാതി ചെയറിന് കിട്ടിയിട്ടുണ്ട്. പ്രസ്തുത പരാതി അന്വേഷിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയെ ഏല്പിച്ചിട്ടുണ്ട്. ......(ബഹളം)....... ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u>) : സർ, പാഠപുസ്തക വിതരണം താമസിച്ചതിനെ സംബന്ധിച്ചും അത് എന്നത്തേയ്ക്ക് കൊടുക്കുമെന്നതിനെ സംബന്ധിച്ചും കഴിഞ്ഞ അടിയന്തര പ്രമേയത്തിന്റെ ചർച്ചയിൽ വിശദമായി ഞാൻ

സംസാരിച്ചതാണ്. ഇവിടെ ശ്രീ. റ്റി. വി. രാജേഷ് സൂചിപ്പിച്ച രീതിയിലുള്ള അഴിമതിക്കുവേണ്ടിയോ മറ്റുള്ളതിനുവേണ്ടിയോ അല്ല താമസമുണ്ടായത്. .... (ബഹളം)..... കഴിഞ്ഞ മൂന്ന് വർഷങ്ങളിലും കൃത്യസമയത്ത് പുസ്തകം കൊടുത്തു. ഈ വർഷം പുസ്തകം താമസിക്കാനുണ്ടായ കാരണങ്ങളും പറഞ്ഞു. 20-ാം തീയതിക്കകം പ്രിന്റിംഗ് കഴിഞ്ഞ് പുസ്തകം കൊടുക്കുമെന്നുള്ളത് പറഞ്ഞുകഴിഞ്ഞതാണ്. ഇവിടെ ശ്രീ. റ്റി. വി. രാജേഷ് ഉന്നയിച്ച കാര്യങ്ങൾക്കാണ് ഞാൻ മറുപടി പറയുന്നത്. അദ്ദേഹം പറഞ്ഞ ഒരു കാര്യം ..... (ബഹളം)....... ഞാൻ സംസാരിക്കുമ്പോൾ അവരും സംസാരിക്കുകയാണെങ്കിൽ ഞാൻ സംസാരിക്കേണ്ട കാര്യമില്ലല്ലോ; ഇക്കാര്യത്തിൽ അഴിമതി നടത്താൻവേണ്ടിയോ മറ്റൊരുരീതിയിലുള്ള കാര്യവും നടന്നിട്ടില്ല. ശ്രീ. രാജേഷ് നോമ്പിന്റെ കാര്യമൊക്കെ പറഞ്ഞു. അന്നും ഇന്നും നോമ്പ് തന്നെയാണ്. അതുകൊണ്ട് മാറ്റി പറയുന്ന പ്രശ്നമൊന്നുമില്ല. രണ്ടാമത്തേത് സെൽഫ് ഫിനാൻസിംഗ് കോളേജുകാരുടെ സമരത്തെക്കുറിച്ച്, ഈ ഗവൺമെന്റ് വന്നപ്പോൾ ഞാൻ പത്രസമ്മേളനം നടത്തിയെന്ന് പറയുന്നു. ഞാൻ കോർപ്പറേറ്റ് മാനേജുമെന്റുകളെ സഹായിക്കുമെന്ന് പറഞ്ഞുകൊണ്ട് ഒരു പത്രസമ്മേളനവും നടത്തിയിട്ടില്ല. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് പ്രൊഫഷണൽ കോളേജുകളുടെ/സെൽഫ് ഫിനാൻസിംഗ് കോളേജുകളുടെ അഡ്മിഷനും ഫീസും

സംബന്ധിച്ച് എല്ലാ വർഷവും പ്രശ്നമായിരുന്നു, എന്നും സമരമായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ അക്കാര്യത്തിനുവേണ്ടി സമരമുണ്ടായിട്ടില്ല. ...... (ബഹളം) ...... കാരണം ......

മി. സ്പീക്കർ: യെസ്.... യെസ്..... പ്ലീസ്..... പ്ലീസ്.....

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, കാരണം നേരത്തെ കാലേക്കൂട്ടിത്തന്നെ മാനേജ്മെന്റുകളുമായി എഗ്രിമെന്റുകൾ ചെയ്തതുകൊണ്ട് കഴിഞ്ഞ മൂന്ന് വർഷവും ഈ രംഗത്ത് പ്രശ്നങ്ങളുണ്ടായിട്ടില്ല. പിന്നെ ഇവിടെ പറഞ്ഞ ഒരു കാര്യം എന്റെ മകന്റെ അഡ്മിഷന്റെ കാര്യമാണ്. ..... ബഹളം......... എന്റെ.......

മി. സ്പീക്കർ: ബഹുമാനപ്പെട്ട സുനിൽകുമാർ പ്ലീസ്... പ്ലീസ്.....

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, എന്റെ മകന്റെ അഡ്മിഷൻ മാനേജ്മെന്റ് ക്വാട്ടയിലായിരുന്നു. അന്നും ഞാൻ അതുതന്നെയാണ് പറഞ്ഞത്. ഞാൻ മെറിറ്റ് സീറ്റിലാണെന്ന് പറഞ്ഞിട്ടില്ല. ശ്രീ. രാജേഷ് കളവ് പറയുകയാണ്. അതുകൊണ്ടുതന്നെയാണ് കഴിഞ്ഞ മൂന്ന് കൊല്ലവും എന്റെ മകൻ അവിടെ പഠിച്ച് എം.ഡി. കഴിഞ്ഞ് പുറത്തുവന്നത്. ഗവൺമെന്റ് സീറ്റ് കൊടുത്തതായിരുന്നെങ്കിൽ ആ സീറ്റ് അന്നുതന്നെ മാറ്റിക്കൊടുക്കുമായിരുന്നു. അതുകൊണ്ട് വാസ്തവവിരുദ്ധമായ കാര്യങ്ങളാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. അതുമുഴുവൻ ഞാൻ നിഷേധിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിമാരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): ബഹുമാനപ്പെട്ട സർ, കാലം മാറുന്നതനുസരിച്ച് സർക്കാരും മാറണം. അത് മിസ്റ്റർ രമേശ് ചെന്നിത്തലയ്ക്കും മിസ്റ്റർ അബ്ദു റബ്ബിനും അറിയാമല്ലോ; 21-ാം നൂറ്റാണ്ടായത് റബ്ബും ചെന്നിത്തലയുമൊന്നും അറിഞ്ഞില്ലെന്ന് വരുമോ; ഇന്നലെ അടികൊണ്ട് ആശുപത്രിയിലെത്തിയ വിദ്യാർത്ഥികളെ ഞാനും പോയി നേരിട്ട് കണ്ടതാണ്. നമ്മുടെ ആഭ്യന്തരവകുപ്പുമന്ത്രി അതുസംബന്ധിച്ച്  ഇങ്ങനെയെല്ലാം ഉണ്ടായതിൽ ഞാൻ ഖേദിക്കുന്നുവെന്ന് പറഞ്ഞത് നല്ലതുതന്നെ. അതിന് അങ്ങയെ ഞാൻ അഭിനന്ദിക്കുന്നു. അങ്ങനെയാണ് വരേണ്ടത്. പക്ഷേ ഈ കുട്ടികൾ ചോദിച്ചിട്ടുള്ളത് എന്താണ്; അവർക്ക് പഠിക്കാനുള്ള പുസ്തകമല്ലേ ചോദിച്ചുള്ളൂ; അത് മര്യാദയ്ക്ക് കിട്ടുന്നതിനുവേണ്ടിയിട്ടുള്ള ആവശ്യമല്ലേ അവർ ഉന്നയിച്ചിട്ടുള്ളത്; അത് കൃത്യമായി നൽകുവാൻ വേണ്ടിയിട്ടുള്ള കാര്യത്തിൽ ഈ ഗവൺമെന്റ് ഉത്തരവാദിത്ത ബോധത്തോടുകൂടി ചെയ്തിട്ടില്ല എന്നത് ഒരു സത്യമല്ലേ; ഈ സർക്കാർ എന്താണ് കാട്ടിക്കൊണ്ടിരിക്കുന്നത്? പഠിക്കാൻ പാഠപുസ്തകങ്ങൾ വേണമെന്ന് പറയുമ്പോൾ അവരെ ലാത്തികൊണ്ടും തോക്കുകൊണ്ടും ഗ്രനേഡുകൊണ്ടും ജലപീരങ്കികൊണ്ടും

നേരിടുകയാണോ ചെയ്യേണ്ടത്; കുട്ടികളെ മാത്രമാണോ നിങ്ങൾ അടിച്ചൊതുക്കുന്നത്; നിങ്ങളുടെ സഹപ്രവർത്തകനായ ഈ സഭയിലെ ഒരു ബഹുമാന്യനായ അംഗം സഖാവ് ശ്രീ. വി. ശിവൻകുട്ടിയെവരെ തല്ലി കാലൊടിച്ചില്ലേ; കുട്ടികളെ ക്രൂരമർദ്ദനം ചെയ്യാൻ ഒരുങ്ങുന്ന പോലീസിന്റെ ഭീകരത അറിഞ്ഞ് വിവരം അന്വേഷിക്കാൻ ഓടിയെത്തിയതായിരുന്നില്ലേ സഖാവ് ശിവൻകുട്ടി; അദ്ദേഹത്തെ പോലും നിങ്ങളുടെ പോലീസ് വെറുതേ വിട്ടില്ല എന്നുപറയുമ്പോൾ എത്ര കാടൻമാരാണ് നിങ്ങളുടെ പോലീസ്; ഒരു നിയമസഭാംഗത്തെപ്പോലും തല്ലിച്ചതയ്ക്കുന്ന ആഭാസന്മാരാണോ നിങ്ങളുടെ പോലീസ്; സാധാരണ യുദ്ധമുന്നണിയിൽ ശത്രുസൈന്യത്തെ നേരിടുന്നതിനുവേണ്ടി യോദ്ധാക്കൾ ഉപയോഗിക്കുന്നതാണ് ഗ്രനേഡ്. അത്തരം ഗ്രനേഡുകളാണ് നിങ്ങൾ സുലഭമായി പാവപ്പെട്ട കുട്ടികളുടെ നേരെ പ്രയോഗിച്ചത്. കേരളത്തിലെ വിദ്യാർത്ഥികൾ നിങ്ങളുടെ ശത്രുക്കളാണോ; മിസ്റ്റർ ഉമ്മൻചാണ്ടി, നിരായുധരായവർക്കുനേരെ തോക്ക് ഉപയോഗിക്കാൻ പാടില്ലെന്ന് യുദ്ധക്കളത്തിൽപോലും സാമാന്യ മര്യാദയാണ്. അതുപോലും ഈ കുട്ടികളുടെ കാര്യത്തിൽ സർക്കാർ കാട്ടിയിട്ടില്ല; തീർത്തും നിരായുധരും നിരാലംബരുമായ കുട്ടികളെ ലാത്തി, തോക്ക്, ബയണറ്റ്, ഗ്രനേഡ്, ജലപീരങ്കി, ഷീൽഡ്, ബോഡി പ്രൊട്ടക്ടർ എന്നിങ്ങനെ എന്തെല്ലാം ആയുധസന്നാഹങ്ങളുമായിട്ടാണ് നിങ്ങളുടെ

പോലിസ് നേരിട്ടത്; പഠിക്കാൻ പുസ്തകം വേണമെന്ന് നിങ്ങളുടെ വീട്ടുകളിൽ കുട്ടികൾ വന്നുപറയുമ്പോൾ അവരെ മിസ്റ്റർ ഉമ്മൻചാണ്ടിയും മിസ്റ്റർ അബ്ദുറബ്ബുമൊക്കെ ഇങ്ങനെയാണോ നേരിടുന്നത്; ശ്രീ. ഉമ്മൻചാണ്ടിയോടും ശ്രീ. അബ്ദുറബ്ബിനോടും ഞാൻ ചോദിക്കുകയാണ് നിങ്ങളുടെ വീട്ടുകളിലും ഇതേപോലെ ഗ്രനേഡും ലാത്തിയുമൊക്കെ കരുതിവച്ചിട്ടുണ്ടോ; എന്തൊരു നാണക്കേടാണ്; എന്തൊരു അസംബന്ധമാണ്; ഇത് എന്തൊരു കാടത്തമാണ്; ശ്രീ. ഉമ്മൻചാണ്ടിയും ശ്രീ. അബ്ദുറബ്ബുമൊക്കെ പാഠപുസ്തകങ്ങൾ കൃത്യസമയത്ത് അച്ചടിച്ച് വിതരണം ചെയ്യണമെന്ന കാര്യം നിർവ്വഹിക്കാതിരിക്കുന്നതുകൊണ്ട് അത് ഓർമ്മിപ്പിക്കാനല്ലേ വിദ്യാർത്ഥികൾ സമരം ചെയ്തത്; അവർക്ക് പുസ്തകം നൽകിയിരുന്നില്ലല്ലോ; അതുപോകട്ടെ, അവരുടെ തലതല്ലിപ്പൊട്ടിക്കാതിരുന്നോ; നട്ടെല്ല് അടിച്ചൊടിക്കാതിരുന്നോ; മിസ്റ്റർ ഉമ്മൻചാണ്ടി, നിങ്ങളും രണ്ടുമൂന്ന് മക്കളുടെ അച്ഛനല്ലേ; ശ്രീ. അബ്ദുറബ്ബ്, നിങ്ങളും നാല് മക്കളുടെ അച്ഛനല്ലേ; അവരുടെയൊക്കെ തലതല്ലിപ്പൊളിക്കുന്നതും അടിച്ച് എല്ലൊടിക്കുന്നതും നിങ്ങൾക്ക് സഹിക്കാനൊക്കുമോ; എന്താണ് ഈ കുട്ടികൾ ചെയ്ത കുറ്റം; പഠിക്കാനുള്ള പുസ്തകങ്ങൾ നൽകണമെന്നല്ലേ അവർ ആവശ്യപ്പെട്ടിട്ടുള്ളൂ; അത് സർക്കാരിന്റെ ബാധ്യതയല്ലേ; ആ ബാധ്യത നിങ്ങൾ നിർവ്വഹിക്കാതിരുന്നതിന്റെ പേരിലല്ലേ

കുട്ടികൾ തെരുവിലിറങ്ങേണ്ടിവന്നത്? മിസ്റ്റർ അബ്ദുറബ്ബ് നിങ്ങളുടെ കൂട്ടത്തിലെ ഒരു എം.എൽ.എ. മുമ്പ് പറഞ്ഞതുപോലെ നിങ്ങൾ ഏത് ഗ്രഹത്തിലാണ് ജീവിക്കുന്നത്; ഏത് ഗ്രഹത്തിൽ.... ഈ ഭൂമിയിൽ, ഇവിടെ മനുഷ്യർക്കിടയിൽ ആയിരുന്നുവെങ്കിൽ ഇത്തരം വൃത്തികേടുകൾ നിങ്ങൾ കാണിക്കുമായിരുന്നോ; പുസ്തകങ്ങളില്ലാതെ എങ്ങനെയാണ് കുട്ടികൾ പഠിക്കുന്നത്; പഠിക്കാതെ എങ്ങനെയാണ് അവർ പരീക്ഷയെഴുതുന്നത്; പരീക്ഷയെഴുതാതെ എങ്ങനെയാണ് അവർക്ക് ജയിക്കാൻ കഴിയുക. Sorry, sorry sir, very very sorry. വിദ്യാഭ്യാസ വകുപ്പ് ഭരിക്കുന്നത് ശ്രീ. അബ്ദുറബ്ബ് അല്ലേ; ആരാണ് അദ്ദേഹം; ഉറക്കമിളച്ചിരുന്ന് പഠിച്ച് എല്ലാ ചോദ്യങ്ങൾക്കും നന്നായി ഉത്തരങ്ങളെഴുതിയ കുട്ടികളെ തോല്പിച്ച ആളല്ലേ; അതുമാത്രമാണോ, മഴയത്ത് എന്നോ സ്കൂൾ വരാന്തയിൽ ഓടിക്കയറിയവരെ എ പ്ലസ് നൽകി വിജയിപ്പിച്ച ആളല്ലേ നമ്മുടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. അബ്ദു റബ്ബ്. നേരത്തെ അദ്ദേഹം ചെയ്തത് എന്താണ്, സർവ്വകലാശാലകൾ ഭരിക്കാൻ അഴിമതിക്കാരെയും വെട്ടിപ്പുകാരെയും മാത്രമല്ല നിശ്ചിത വിദ്യാഭ്യാസ യോഗ്യതയില്ലാത്തവരെപ്പോലും നിയോഗിച്ച്..... അതിലേയ്ക്കൊന്നും ഞാൻ കൂടുതൽ കടക്കുന്നില്ല. പാഠപുസ്തകങ്ങൾ പോലും യഥാസമയം നൽകാതെ മിസ്റ്റർ അബ്ദുറബ്ബ്, നിങ്ങൾ എന്തിനാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായി വിലസുന്നത്;

കഴിഞ്ഞ ദിവസം ഈ പ്രശ്നം സഭയിൽ ചർച്ച ചെയ്തപ്പോൾ ജൂലൈ 20-നകം പുസ്തകം പൂർണ്ണമായി നൽകുമെന്നല്ലേ നിങ്ങൾ സഭയ്ക്ക് ഉറപ്പുനൽകിയത്; അന്ന് ഈ പ്രശ്നത്തിന്റെ പേരിൽ സഭ സ്തംഭിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ മുഖ്യമന്ത്രി ഉറപ്പുനൽകണമെന്നാണ് അന്ന് ഞങ്ങൾ ആവശ്യപ്പെട്ടത്. ഏത് വകുപ്പിലും ഏത് മന്ത്രിയുടെ കാര്യത്തിലും എന്ത് അസംബന്ധങ്ങൾ നടന്നാലും 'അടിയൻ ലച്ചിപ്പോം...... അടിയൻ ലച്ചിപ്പോം.....' എന്നുപറഞ്ഞ് ചാടിയെഴുന്നേൽക്കുന്ന ആളല്ലേ നമ്മുടെ  മുഖ്യമന്ത്രി; എന്നിട്ട് എന്തേ അന്ന് മുഖ്യമന്ത്രിക്ക് ഇക്കാര്യത്തിൽ ഒരു ഉറപ്പും പറയാൻ കഴിയാതെ വന്നത്; അതിന് കഴിയില്ലെന്ന് ശ്രീ. ഉമ്മൻചാണ്ടിക്ക് നല്ല ഉറപ്പാണ്. അതുകൊണ്ട് നിങ്ങളിത് പറഞ്ഞ് തീരുന്നതിനുമുമ്പേ പുസ്തകം അച്ചടിക്കുന്ന ചുമതലയുള്ള സർക്കാർ പ്രസ്സ് എന്താണ് പറഞ്ഞത്; ആഗസ്റ്റ് ആയാലും പുസ്തകം നൽകാൻ കഴിയില്ലായെന്ന്.... ആഗസ്റ്റ് ആയാലും പുസ്തകം നൽകാൻ കഴിയില്ലായെന്ന്. പിന്നെ എന്തിന്റെ അടിസ്ഥാനത്തിലാണ് ജൂലൈ 20 ന് പുസ്തകം നൽകുമെന്ന് നിങ്ങൾ പറഞ്ഞത്.

എത്ര ലാഘവത്തോടുകൂടിയാണ് കുട്ടികളുടെ പഠന കാര്യം നിങ്ങൾ കൈകാര്യം ചെയ്യുന്നത്. കേരളത്തിൽ എന്നെങ്കിലും ഇത്ര നിരുത്തരവാദിത്തത്തോടുകൂടി പെരുമാറുന്നൊരു വിദ്യാഭ്യാസവകുപ്പുമന്ത്രി ഉണ്ടായിട്ടുണ്ടോ; വിദ്യാഭ്യാസത്തെ ഇത്ര

ലാഘവത്തോടുകൂടി കാണുന്ന ഒരു സർക്കാർ ഇതിനുമുൻപ് ഉണ്ടായിട്ടുണ്ടോ; ഓണ പരീക്ഷയ്ക്ക് ഇനി ഏറെ നാളുകൾ ഒന്നുമില്ല മിസ്റ്റർ പി.കെ. അബ്ദുറബ്ബ്. അതല്ല ഓണം വരുന്നതിനെ ക്രിസ്തുമസ് ആണെന്നാണോ നിങ്ങൾ ഇപ്പോൾ പറയാൻ പോകുന്നത്; അതോ ഇക്കൊല്ലം ഓണം തന്നെ സ്റ്റേ ചെയ്തിരിക്കുകയാണോ; എന്താണ് നിങ്ങൾ ഉദ്ദേശിക്കുന്നത്; എന്താണ് ഈ സർക്കാരിനും വിദ്യാഭ്യാസവകുപ്പുമന്ത്രിക്കും പണി; ഒരു തലമുറയെത്തന്നെ നശിപ്പിക്കുന്ന സമീപനമല്ലേ ഈ സർക്കാർ സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങേയ്ക്കെങ്കിലും ഇതിൽ ലജ്ജ തോന്നുന്നില്ലേ; വിദ്യാർത്ഥികൾ ഇനി എന്തുചെയ്യണമെന്നാണ് നിങ്ങൾ പറയുന്നത്; സംസ്ഥാനത്തെ അൻപതു-അറുപതുലക്ഷത്തോളം വരുന്ന വിദ്യാർത്ഥികളുടെ പ്രശ്നമല്ലേ ഇതെന്നു പറഞ്ഞാൽ അൻപതു-അറുപതുലക്ഷത്തോളം വരുന്ന കുടുംബങ്ങളുടെ പ്രശ്നമാണെന്നാണ് ഇതിന് അർത്ഥം. ഈ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ നൽകുന്ന നികുതി പണംകൂടി ഉപയോഗിച്ചല്ലേ നിങ്ങൾ കൊടിവച്ച കാറിൽ പത്രാസും കാട്ടി വിലസുന്നത്; തിരിച്ച് അവരോടുള്ള ബാദ്ധ്യത നിങ്ങൾ നിറവേറ്റുന്നുണ്ടോ? അത് നിങ്ങളെ ഓർമ്മിപ്പിക്കാനല്ലേ കുട്ടികൾ സമരരംഗത്ത്

അണിനിരക്കുന്നത്. എന്നാൽ പോലീസിനെ ഉപയോഗിച്ച് കുട്ടികളെ തല്ലി ചതയ്ക്കാമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്. കുട്ടികളെ തച്ചുടയ്ക്കാൻ പോലീസിന് ഓർഡർ നൽകുന്ന നിങ്ങൾ നിങ്ങളുടെ മുഖമൊന്നു കണ്ണാടിയിൽ നോക്കൂ, അവർ ഉന്നയിക്കുന്ന ചോദ്യങ്ങൾ നിങ്ങൾ നിങ്ങളോടുതന്നെ ചോദിച്ചു നോക്കൂ. മിസ്റ്റർ ഉമ്മൻ ചാണ്ടി, കെ.എസ്.യു. പ്രവർത്തകൻ ആയി വന്ന ആളല്ലേ നിങ്ങൾ; നിരവധി സമരങ്ങൾ നിങ്ങളും നേതൃത്വം കൊടുത്ത് നടത്തിയിട്ടില്ലേ; നിങ്ങളുടെ ആ സമരകാലത്തേയ്ക്കൊന്ന് മനസ്സ് പായിച്ചു നോക്കൂ. അന്നൊക്കെ നിങ്ങൾക്കൊക്കെ ഇത്തരത്തിലുള്ള മർദ്ദനങ്ങളും മൂന്നാം മുറകളും ഏൽക്കേണ്ടി വന്നിട്ടില്ലേ; നിങ്ങളുടെ ഖദർ കുപ്പായമെങ്കിലും ഒരു വിദ്യാർത്ഥി സമരത്തിനിടയിൽ ഒന്നുകീറിയിട്ടുണ്ടായിരിക്കില്ലേ, അങ്ങനെയുള്ള നിങ്ങൾ ഭാവി തലമുറയുടെ വാഗ്ദാനങ്ങളായ കുട്ടികളെ തല്ലി ചതയ്ക്കുന്നത് ന്യായീകരിക്കുന്നത് എങ്ങനെയാണ്; അധികാരത്തിന്റെ പത്രാസും പകിട്ടും കൊണ്ട് നിങ്ങൾക്ക് എന്തുമാകാമെന്നാണോ; കുട്ടികളെ തല്ലി ഒതുക്കുവാൻ ഉത്തരവ് നൽകുന്ന മിസ്റ്റർ ഉമ്മൻചാണ്ടി മാത്രമല്ല മിസ്റ്റർ രമേശ് ചെന്നിത്തലയും ഒരു കാര്യം ഓർക്കുന്നത് നന്നായിരിക്കും. രാജഭരണ

കാലത്ത് ഇവിടെ ഒരു ദിവാൻ ഉണ്ടായിരുന്നു. അങ്ങേയ്ക്കറിയാമല്ലോ, സർ സി.പി രാമസ്വാമി അയ്യർ എന്നായിരുന്നു ആ വിദ്വാന്റെ പേര്. ഒരു ഘട്ടത്തിൽ തിരുവിതാംകൂറിൽ പോലീസിനെയും പട്ടാളത്തെയും അഴിച്ചുവിട്ട് ഭീകരത സൃഷ്ടിച്ച കേമനായിരുന്നു സർ സി.പി. രാമസ്വാമി അയ്യർ. കമ്മ്യൂണിസ്റ്റുകാരെ ഉൻമൂലനാശം വരുത്താൻ അവതാരമെടുത്ത ആളാണെന്നായിരുന്നു അദ്ദേഹത്തിന്റെ അഹംഭാവം. പക്ഷെ ടിയാന് എന്തു സംഭവിച്ചു എന്നറിയാമല്ലോ, വെട്ടുംകൊണ്ട് തമിഴ്നാട്ടിലേയ്ക്ക് ഓടിപോകേണ്ടതായി വന്നു. മൂക്കിന് വെട്ട് കൊണ്ടായിരുന്നു ജീവനും കൊണ്ട് ഈ വിദ്വാൻ ഓടി പോയത്. മിസ്റ്റർ ഉമ്മൻചാണ്ടി, മിസ്റ്റർ രമേശ് ചെന്നിത്തല, മിസ്റ്റർ അബ്ദുറബ്ബ് നിങ്ങളെല്ലാം ഈ ചിത്രമൊക്കെ ഓർക്കുന്നത് നല്ലതാണ്. ഓർക്കമണമെന്നുമാത്രം. അതുകൊണ്ട് ഈ കുട്ടികളുടെ ചോരയ്ക്ക് നിങ്ങളെ കൊണ്ട് ഞങ്ങൾ വിലപറയിക്കും. അതിന് ഇനി ഏറെക്കാലമൊന്നും വേണ്ടിവരില്ല എന്നുമാത്രമേ ഈ അവസരത്തിൽ അനുസ്മരിപ്പിക്കുന്നുള്ളൂ. ഈ പ്രശ്നങ്ങളൊന്നും നിങ്ങൾ ചർച്ച ചെയ്യില്ലായെന്ന് ഞങ്ങൾക്കറിയാം. കാരണം ചർച്ച ചെയ്താൽ വെളിപ്പെടുന്നത് നിങ്ങളുടെ വൃത്തികേടുകളും അസംബന്ധങ്ങളും,

നിരുത്തരവാദിത്തവുമൊക്കെ ആയിരിക്കും. ഈ സാഹചര്യത്തിൽ അടിയന്തരപ്രമേയത്തിനുള്ള അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് പ്രതിപക്ഷനേതാവ് ശ്രീ. വി. എസ് അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

<u>ശ്രീ. സി. ദിവാകരൻ</u>: സർ, അതീവ ഗുരുതരമായ വിഷയമാണ് ഇന്ന് അടിയന്തരപ്രമേയമായി അവതരിപ്പിച്ചത്. ആ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിക്കാൻ വേണ്ടിയുള്ള ആഭ്യന്തരവകുപ്പുമന്ത്രിയുടെ സുദീർഘമായ പ്രസംഗം, അതിൽ ഒരു തടസ്സവുമുണ്ടാക്കിയില്ല ചെയർ. ദീർഘമായ വിശദീകരണമാണ് നടത്തിയത്. അതുമുഴുവൻ ക്ഷമയോടെ ഞങ്ങൾ എല്ലാവരും കേട്ടിരുന്നു. ദീർഘമായ അങ്ങയുടെ പ്രസംഗത്തിൽ, ഒരു വിദ്യാർത്ഥി നേതാവായിരുന്നു എന്നുള്ള കാര്യം തൽക്കാലം വിസ്മരിച്ചുകൊണ്ടാണ് അങ്ങ് പ്രസംഗം നടത്തിയത്. പോലീസുകാരുടെ നേർക്കുണ്ടായ ആക്രമണത്തെക്കുറിച്ചാണ് അങ്ങ് ഇവിടെ പറഞ്ഞത്.

വിദ്യാർത്ഥികളുടെ നേർക്കുണ്ടായ വളരെ പൈശാചികമായ ആക്രമണമാണ് ഇന്നലെ നടന്നത്. ഞാൻ നിഷ്പക്ഷമായി പറയുകയാണ്, ഞാൻ ആശുപത്രിയിൽ പോയി കണ്ടതാണ്, എന്റെ മുൻപിൽ വച്ച് ഒരു വിദ്യാർത്ഥി രക്തം ഛർദ്ദിച്ചു. എന്താണ് ഈ കുട്ടി ഇങ്ങനെ പെട്ടെന്ന് രക്തം ഛർദ്ദിക്കാൻ കാരണമെന്ന് ചോദിച്ചോൾ ഡോക്ടർ പറഞ്ഞു, തലയ്ക്ക് അടികൊണ്ട് ഹെഡ് ഇൻജൂറിയാണ് ക്ലോട്ടിംഗ് ഉണ്ട് എന്ന്. മെഡിക്കൽ കോളേജിൽ ആണ് ആ കുട്ടി. അതോടൊപ്പം മറ്റൊരു വിദ്യാർത്ഥിയും ഉണ്ട്. ഇത്രയും ബ്രൂട്ടൽ ആയി പോലീസ് വിദ്യാർത്ഥികളോട് ഇടപെടാൻ പാടില്ല. അവർ ക്രിമിനൽസോ പിടിച്ചുപറിക്കാരോ മറ്റുയാതൊരു കുറ്റവും ചെയ്തിട്ടില്ലാത്തവരാണ്. അവർ സമൂഹമായി വന്ന് പോലീസുകാരുമായി ഏറ്റുമുട്ടിയെന്നത് സത്യമാണ്. ജലപീരങ്കിയും ലാത്തിചാർജ്ജും ഗ്രനേഡും വിദ്യാർത്ഥികൾ പോലീസിനെതിരെ പ്രയോഗിച്ചെന്നും ടിയർ ഗ്യാസ് വിദ്യാർത്ഥികൾ കൊണ്ടുവന്നു പൊട്ടിച്ചതാണെന്നും അങ്ങയുടെ പ്രസംഗം കേട്ടാൽ തോന്നും. അങ്ങ് എഴുതി തയ്യാറാക്കിയ പ്രസംഗം ഒന്നുകൂടി എടുത്തു നോക്കണം. നിരവധി വിദ്യാർത്ഥികൾ ആശുപത്രിയിൽ കിടക്കുന്നുണ്ട്. അവരുടെ വീട്ടുകാർ

എല്ലാംതന്നെ വളരെ ദുരിതത്തിലും പ്രയാസത്തിലുമാണ്. ആ കുട്ടികളുടെ ഭാവി പോയി. എല്ലാക്കാലത്തും ഇത് ഉണ്ടാകുന്നു. ഇത്രയും അങ്ങയുടെ കാലത്ത് ഉണ്ടാകാൻ പാടില്ലായെന്ന് ആഗ്രഹിച്ച ഒരാളാണ് ഞാൻ. അങ്ങയുടെ പിറകിലിരിക്കുന്ന പലരും വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടേ നേതാവായി വന്നവരാണ്. അങ്ങേയ്ക്കു മുൻപുള്ള ആളുകൾ ഒരുണ സമരത്തിലൂടെ വന്നയാളുകളാണ്. ഒരുണസമരത്തിൽ ഒരു ആക്രമണവും നടന്നിട്ടില്ലേ; ഇതിൽ പോലീസ് ഉദ്യോഗസ്ഥർ കല്ലെറിഞ്ഞുവെന്നുള്ളത് ഞാൻ തെളിവുകൾ സഹിതം ഹാജരാക്കാം. അങ്ങ് എല്ലാ പത്രവും കാണിച്ചല്ലോ? ഒരു പത്രത്തിൽ അസിസ്റ്റന്റ് കമ്മീഷണറുടെ കയ്യിൽ കല്ലിരിക്കുന്ന ചിത്രം ഞാൻ അങ്ങയുടെ ഓഫീസിൽ എത്തിച്ചുതരാം. പോലീസിന്റെ നേർക്കും മന്ത്രി പ്രതികരിക്കണം. പോലീസ് ഒരു ചുക്കും ഇവിടെ ചെയ്യാനില്ല, പോലീസിനെ ഭയക്കരുത്. പോലീസിനെ വരവരച്ച് നിർത്താൻ അങ്ങേയ്ക്കറിയാം. അങ്ങ് ഇക്കാര്യത്തിൽ കുറച്ചുകൂടി വിശാല മനസ്സോടുകൂടി ആലോചിക്കണം. വിദ്യാർത്ഥികൾ എന്തു തെറ്റുചെയ്തു. പുസ്തകവും ഉച്ചയ്ക്ക് ആഹാരവും മൂത്രപ്പുരയും യൂണിഫോമും വേണമെന്ന വിദ്യാർത്ഥികളുടെ നിലവിളിയല്ലേ ഈ

സംഭവത്തിന്റെ അടിസ്ഥാന കാരണം. അതല്ലേ ന്യായം. വിദ്യാർത്ഥികൾ ഉന്നയിച്ച ന്യായമായ ആവശ്യം നിങ്ങൾ നിഷേധിക്കുന്നില്ല. ഇപ്പോഴും നിങ്ങൾ പറയുന്ന പുസ്തകം 20-ാം തീയതി കൊടുക്കുമെന്ന്. അച്ചടിയിൽ വന്ന കാലതാമസത്തെക്കുറിച്ച് അന്വേഷണം നടത്തുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന ഞാൻ വായിച്ചു. ഗുരുതരമായ കാലതാമസമുണ്ടെന്ന് ഞങ്ങൾ നേരത്തേ പറഞ്ഞതല്ലേ? കാലതാമസം മറ്റുപലതിനും സംശയങ്ങളുണ്ടാക്കുന്നു. അങ്ങ് ഇപ്പോൾ അന്വേഷിക്കുന്നുണ്ടെങ്കിൽ തീർച്ചയായും സ്വാഗതാർഹമായ കാര്യമാണ്. പാഠപുസ്തകം കിട്ടാൻ താമസിച്ചുവെന്നല്ലേ വിദ്യാർത്ഥികൾ പറഞ്ഞത്. ദുരൂഹമായ സാഹചര്യങ്ങൾ. തെളിവുകളില്ലാതെ അഴിമതിയാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ശ്രീ. അബ്ദുറബ്ബ്, ദുരൂഹമായ സാഹചര്യത്തിലാണ് ഈ പുസ്തകത്തിന്റെ അച്ചടിയിൽ കാലതാമസമുണ്ടായത്. നിങ്ങളുടെ എം.എസ്.എഫ്.-കാർ ഇത് അംഗീകരിക്കുന്നുണ്ടോ? എന്നെങ്കിലും പുസ്തകവും യൂണിഫോമും ഉച്ചഭക്ഷണവും മൂത്രപ്പുരയും കിട്ടിയാൽ മതിയെന്ന് എം.എസ്.എഫ്.-കാർ സമ്മതിക്കുമോ? സമ്മതിക്കില്ലല്ലോ. അവരുടെയും കൂടെ വികാരമാണിത്. വിദ്യാർത്ഥി സമൂഹത്തെ മുഴുവനായി നിങ്ങൾ കാണണം. നിങ്ങൾ പക്ഷപാതം പിടിക്കരുത്.

കെ.എസ്.യു.-കാർ അവരുടെ അമർഷം രേഖപ്പെടുത്തി. അത് ന്യായമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ആ സമരം തീർപ്പാക്കി, നല്ലകാര്യം. പക്ഷേ അവരുടെ ആവശ്യങ്ങൾ ഇപ്പോഴും അവശേഷിക്കുന്നു. ഇന്നലെ ബഹുമാനപ്പെട്ട ചെയർ എന്നോട് കർശനമായ നിർദ്ദേശങ്ങൾ പറഞ്ഞതുകൊണ്ട് ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഞങ്ങൾ വളരെ വൈകിപ്പറഞ്ഞ കാര്യം, ദീർഘവീക്ഷണത്തോടുകൂടി, കേരളത്തിലെ വിദ്യാഭ്യാസ മേഖല 'ഈജിയൻ തൊഴുത്താ'ണെന്ന് വീക്ഷണം പത്രം എഡിറ്റോറിയലിൽ എഴുതി. അതിന് എന്തു മറുപടി പറയാനുണ്ട്; അവരുടെ എഡിറ്റോറിയൽ ശരിയാണെന്ന് ഇപ്പോൾ തെളിഞ്ഞിരിക്കുന്നു. മുസ്ലീം ലീഗ് മിണ്ടുന്നുണ്ടോ? മുസ്ലീം ലീഗിന്റെ വകുപ്പ്, 'ഈജിയൻ തൊഴുത്താ'ണെന്നുപറഞ്ഞ വീക്ഷണം പത്രം എന്താണ് ഇപ്പോൾ പറയുന്നത്. നിങ്ങൾക്കുവേണ്ടിയാണ് വിദ്യാർത്ഥികൾ സമരം ചെയ്യുന്നത്. ഇത് 'ഈജിയൻ തൊഴുത്താ'ണോ അല്ലയോ എന്ന് തെളിയിക്കേണ്ടത് നിങ്ങളുടെ ബാദ്ധ്യതയാണ്. അങ്ങനെയുള്ള വിദ്യാർത്ഥികളെ തല്ലിയാൽ മുസ്ലീം ലീഗ് വകുപ്പ് കൈകാര്യം ചെയ്യുന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രി അപലപിക്കണം. വിദ്യാർത്ഥികളെ തല്ലാൻ പാടില്ല. അപലപിക്കാൻ നിങ്ങൾ തയ്യാറുണ്ടോ; തല്ലിയതാരാണ്; ഹോം ഡിപ്പാർട്ട്മെന്റ്,

തല്ല് കൊണ്ടതാർക്കാണ്; വിദ്യാർത്ഥികൾക്ക്, വിദ്യാർത്ഥികൾ ഏത് കമ്മ്യൂണിറ്റിയാണ്? വിദ്യാഭ്യാസമേഖലയിലുള്ളവർ, വിദ്യാഭ്യാസ മേഖലയിലുള്ളവരോട് വിദ്യാർത്ഥികൾ ഒരു ആവശ്യമുന്നയിച്ചാൽ ആഭ്യന്തര വകുപ്പിന്റെ പോലീസ് അടിച്ചുനിരത്തുകയാണ്. അത് ശരിയാണോ; ഇതാണോ ഒരു ഭരണസംവിധാനം; കുട്ടികൾക്ക് പാഠപുസ്തകം എപ്പോൾ കൊടുക്കുമെന്ന് നിങ്ങൾ ഇപ്പോഴും പറയുന്നില്ല. ജൂലൈ 20-ാം തീയതിക്കകം കൊടുക്കാമെന്നാണ് പറയുന്നത്. ഇത് നിർഭാഗ്യകരമായ കാര്യമാണ്. വിദ്യാഭ്യാസമേഖലയിൽ മുന്നോട്ടുപോകേണ്ട സംസ്ഥാനമാണ് കേരളം. അവിടെയാണ് ഇത് നടന്നിരിക്കുന്നത്. ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി, ഇവിടെ ഒരുപാട് വിദ്യാർത്ഥികളെ കുറ്റം പറഞ്ഞല്ലോ; വിദ്യാർത്ഥികൾ അങ്ങോട്ടു പോയി ആക്രമിച്ചതും ശ്രീ. വി. ശിവൻകുട്ടിയെ തള്ളിയിട്ടതും വിദ്യാർത്ഥികളെന്നാണ് അങ്ങ് പറഞ്ഞത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ഇതെല്ലാം പത്രം പറഞ്ഞതല്ലേ? ഞാൻ പറഞ്ഞതല്ലല്ലോ.

ശ്രീ. സി. ദിവാകരൻ: ഞങ്ങളും പത്രം കൊണ്ടുവരാം. അങ്ങ് അത് അംഗീകരിക്കുമോ? അംഗീകരിക്കാൻ സാധിക്കില്ല.

മി. സ്പീക്കർ: ശ്രീ. ദിവാകരൻ ഏഴ് മിനിറ്റ് കഴിഞ്ഞു.

ശ്രീ. സി. ദിവാകരൻ: ഞാൻ നിർത്തുന്നു. ഇത് വളരെ ഗൗരവമുള്ള വിഷയമായതുകൊണ്ടാണ്. കേരളത്തിൽ വിദ്യാഭ്യാസ മേഖല ഇങ്ങനെ കൈകാര്യം ചെയ്താൽ അപമാനകരമല്ലേ; ഇതിലെന്തെങ്കിലും ന്യായീകരണമുണ്ടോ; കുട്ടികളുടെ സമരത്തെ കുട്ടികളുടെ സമരമായി കാണണ്ടേ; വിദ്യാഭ്യാസ ഡയറക്ടറുടെ തലവഴി കരിഓയിൽ ഒഴിച്ച വിദ്യാർത്ഥികളെ നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? അതിനെതിരെ എന്ത് കേസെടുത്തു; ആരെ തല്ലി; ഡി.പി.ഐ.-യുടെ ദേഹത്തുകൂടെ കരിഓയിൽ ഒഴിച്ചപ്പോൾ എവിടെയായിരുന്നു ഈ ആഭ്യന്തരവകുപ്പുമന്ത്രി. ഈ വിഷയം ചർച്ചചെയ്യാൻ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഇരുപതാം നൂറ്റാണ്ടിലെ വിദ്യാർത്ഥി നേതാവായിരുന്ന ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ആഭ്യന്തരവകുപ്പുമന്ത്രി ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ വിദ്യാഭ്യാസ സംഘടനാ പ്രവർത്തനത്തിന്റെ

രീതിമാറ്റണമെന്ന് പറഞ്ഞിരിക്കുകയാണ്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ പാഠപുസ്തകം വേണ്ട ഇന്റർനെറ്റ് മതിയെന്നാണോ അദ്ദേഹം ഉദ്ദേശിച്ചതെന്ന് എനിക്കറിഞ്ഞുകൂട. പാഠപുസ്തകങ്ങൾ ജൂലൈ 20-ാം തീയതിക്കകം എത്തിക്കാമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്റെ അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞെങ്കിലും വ്യക്തമായ ഒരു തീയതി ഈ സഭയിൽ പ്രഖ്യാപിക്കാൻ മുഖ്യമന്ത്രി തയ്യാറാകണമെന്ന ഞങ്ങളുടെ ആവശ്യത്തോട് അദ്ദേഹം പ്രതികരിച്ചില്ല, അദ്ദേഹം നിശ്ശബ്ദനായിരുന്നു. പാഠപുസ്തക വിതരണത്തിന് ആഗസ്റ്റ് എങ്കിലുമാകുമെന്ന് പാഠപുസ്തക അച്ചടി ഏറ്റെടുത്തിട്ടുള്ള കെ.ബി.പി.എസ്-ന്റെ മാനേജിംഗ് ഡയറക്ടർ പറയുന്നതാണ് അടുത്ത ദിവസത്തെ പത്രങ്ങളിൽ കണ്ടത്. ഓണപരീക്ഷയ്ക്ക് മുമ്പെങ്കിലും പുസ്തകം കിട്ടുമോയെന്ന് ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറയുന്നു ഓണം ഇത്തവണ നേരത്തേയായിപ്പോയിയെന്നും മാവേലി മന്നൻ നേരത്തേ വരുന്നുവെന്നുമാണ്. മാവേലിമന്നനോട് കെ.എസ്.ആർ.ടി.സി. ബസിൽ കയറി വരാൻ പറയണം. അദ്ദേഹം പതുക്കെ വരട്ടെ. കേരളം വിദ്യാഭ്യാസ അവകാശ നിയമം പാസാക്കിയ ഒരു സംസ്ഥാനമാണ്. ആ സംസ്ഥാനത്ത് പാഠപുസ്തകങ്ങൾക്കുവേണ്ടി നീട്ടുന്ന കരങ്ങളിൽ നിങ്ങൾ ലാത്തിയടി

കൊട്ടുക്കുകയല്ലേ; ഗ്രനേഡ് എറിയുകയല്ലേ; കണ്ണീർ വാതകം പ്രയോഗിക്കുകയല്ലേ; ഇതാണോ വിദ്യാഭ്യാസ അവകാശ നിയമം. പഠിക്കാനുള്ള അവകാശത്തിൽ പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കി കിട്ടാനുള്ള അവകാശം കൂടി ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. ഞങ്ങൾ ഇവിടെ സോളാർ സമരം നടത്തിയപ്പോൾ പറഞ്ഞു ഖജനാവിന് ഒരു നഷ്ടവും ഇതുമൂലമുണ്ടായിട്ടില്ല എന്ന്. മ്ലേച്ഛമായ കാര്യങ്ങൾ പറഞ്ഞപ്പോൾ ആണുങ്ങൾ അങ്ങനെയൊക്കെ ചെയ്യും അത് ജനങ്ങളെ ബാധിക്കുന്ന വിഷയമല്ലെന്ന് പറഞ്ഞു. ബാർകോഴ കേസ് ഉന്നയിച്ചപ്പോൾ പറഞ്ഞു, അത് ബാർ മുതലാളിമാർക്ക് വേണ്ടിയാണെന്ന്. അൻപത് ലക്ഷം കുടുംബങ്ങളെ ബാധിക്കുന്ന പാഠപുസ്തക വിതരണത്തിന്റെ പ്രശ്നത്തിൽ ജനങ്ങളെ ബാധിക്കുന്നതല്ലെന്ന് ഈ സർക്കാരിന് നിലപാടുണ്ടോ അങ്ങനെയുണ്ടെങ്കിൽ അത് പറയണം. ഇവിടെ ഇക്കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഇക്കാര്യത്തിൽ തികഞ്ഞ അനാസ്ഥ കാട്ടുമ്പോൾ പ്രതിഷേധിക്കുന്ന കുട്ടികളോട് ഇങ്ങനെ പെരുമാറാൻ പാടുണ്ടോ? അരുവിക്കരയിൽ ജയിച്ചതിന്റെ അഹങ്കാരം പാവപ്പെട്ട ഈ കുട്ടികളോടല്ല കാണിക്കേണ്ടത്. അരുവിക്കരയിൽ ഞങ്ങൾ ജയിക്കുമായിരുന്നു. ശ്രീ. പി.സി.

ജോർജ്ജിന്റെ സ്ഥാനാർത്ഥിപോലും ജയിക്കുമായിരുന്നു, വോട്ടെണ്ണലിന്റെ ചുമതല ശ്രീ. അബ്ദു റബ്ബിനെ ഏൽപ്പിച്ചിരുന്നെങ്കിൽ കുട്ടികൾ ജയിക്കുന്നതുപ്പോലെ എല്ലാ സ്ഥാനാർത്ഥികളും ജയിക്കുമായിരുന്നു. ഒരു തെരഞ്ഞെടുപ്പിൽ ജയിച്ചുവെന്ന് പറഞ്ഞ് എന്ത് അഹങ്കാരം കാണിക്കുകയും വിദ്യാഭ്യാസ മേഖലയിൽ കുട്ടികളുടെ ന്യായമായ അവകാശമായ പാഠപുസ്തകം കൊടുക്കുന്നില്ലെന്നുമാത്രമല്ല പുസ്തകം എന്ന് കൊടുക്കുമെന്ന തീയതി പറയാൻ പോലും മുഖ്യമന്ത്രി തയ്യാറാകാത്ത അവസ്ഥയിൽ കുട്ടികൾ ന്യായമായി പ്രതിഷേധിക്കും. ആ പ്രതിഷേധത്തെ പാഠപുസ്തകങ്ങൾക്കുവേണ്ടി നീട്ടുന്ന കരങ്ങളിൽ ലാത്തിയടി കൊടുത്തുകൊണ്ടല്ല നേരിടേണ്ടത്, അനുഭാവപൂർവ്വമായി ആ വിഷയത്തെ കൈകാര്യം ചെയ്യേണ്ടതിനുപകരം രൂക്ഷമായി ഭരണകൂടത്തിന്റെ ഭീകരത സൃഷ്ടിച്ച് അതിനെ അടിച്ചൊതുക്കാൻ ശ്രമിക്കുന്ന ഈ നടപടിയിൽ പ്രതിഷേധിച്ചും ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചും ഞാനും എന്റെ പാർട്ടിയംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പാഠപുസ്തകങ്ങളും ധരിക്കാൻ യൂണിഫോമും വേണമെന്ന രണ്ട് ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വിദ്യാർത്ഥികൾ നടത്തുന്ന സമരം ന്യായമായ സമരമാണ്. ആ സമരം ന്യായമാണെന്ന് പരോക്ഷമായി സമ്മതിച്ച ആഭ്യന്തരവകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. ശ്രീ. രാജേഷ് പറഞ്ഞതെല്ലാം ശരിയാണ്, പാഠപുസ്തകം കൊടുക്കേണ്ടതാണെന്ന് അദ്ദേഹം പറഞ്ഞു. അങ്ങനെയാണെങ്കിൽ ഈ സമരത്തെ ഇങ്ങനെയാണോ കൈകാര്യം ചെയ്യേണ്ടിയിരുന്നത്; ഒരിക്കലും അങ്ങനെ ആയിരുന്നില്ല. നിയമസഭയ്ക്കകത്തുപോലും പാഠപുസ്തകങ്ങൾ എന്ന് വിതരണം ചെയ്യാൻ കഴിയുമെന്ന് ഉറപ്പുനൽകാതെ, മുഖം നഷ്ടപ്പെട്ട ഗവൺമെന്റ് അരിശം തീരാതെ വിദ്യാർത്ഥികളുടെ നേരെ കടന്നാക്രമണം നടത്തുകയാണ്. അങ്ങാടിയിൽ തോറ്റതിന് അമ്മയോടാണോ പ്രതികാരം ചെയ്യേണ്ടത്; നിയമസഭയിലും ജനങ്ങളുടെ മുന്നിലും തോറ്റ നിങ്ങൾ കുട്ടികളുടെ നേരെ അരിശം തീർക്കുകയാണ്. അമ്മയോട് അരിശം തീർത്ത് പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന മിഥ്യാധാരണയാണ് ആഭ്യന്തരവകുപ്പുമന്ത്രി വച്ചുപുലർത്തുന്നതെങ്കിൽ അത് ഈ കേരളത്തിന് നല്ലതല്ല. മാറ്റം അങ്ങേയ്ക്കും അങ്ങയുടെ നിലപാടിലും ആവശ്യമാണ്. ഈ വിഷയം നമുക്ക് ഇവിടെ ചർച്ച

ചെയ്യാമായിരുന്നു. ആ മാറ്റത്തെക്കുറിച്ചും ചർച്ച ചെയ്യാമായിരുന്നു. ആ സുവർണ്ണാവസരമാണ് അങ്ങ് ഈ ചർച്ച നിഷേധിച്ചതിലൂടെ നിഷേധിച്ചിട്ടുള്ളത്. ആ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)